CHRISTIAN FOCUS
IRA
my tongue is the pen of a skilful writer

2017
ഡിസംബർ 5

ക്രിസ്ത്യൻ
# ഫോക്കസ്
CHRISTIAN FOCUS
A Christian News Magazine

പേജ് 8

വാല്യം 2 ലക്കം 12
കോട്ടയം
News Paper Reg. (RNI) No. KERMAL/2015/68940



# ട്രംപിന്റെ പ്രഖ്യാപനവും ദൈവവചനത്തിന്റെ പ്രാധാന്യവും



റവ: മാത്യൂസ് ഇട്ടി ഫ്ളോറിഡ

**2017 ഡിസംബർ 6**, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സുപ്രധാന പ്രഖ്യാപനം നടത്തിയ ദിവസം. ഇസ്ലാം, ജൂത, ക്രിസ്ത്യൻ മതവിശ്വാസികളുടെ പുണ്യനഗരമായി അറിയപ്പെടുന്ന യെരുശലേമിനെ യിസ്രായേൽ രാജ്യത്തിന്റെ തലസ്ഥാനമായി അംഗീകരിക്കുന്ന ചരിത്രപ്രധാനമായ പ്രഖ്യാപനമായിരുന്നു അത്. ടെൽ അവീവിലുള്ള യുഎസ് എംബസി യെരുശലേമിലേക്കു മാറ്റി സ്ഥാപിക്കാനും തീരുമാനിച്ചു. മധ്യപൂർവേഷ്യയിൽ ഈ പ്രഖ്യാപനം വ്യാപക പ്രത്യാഘാതങ്ങൾക്കു ഇടയാക്കുമെന്നും യിസ്രായേൽ-പലസ്തീൻ സമാധാന ചർച്ചകൾ സ്തംഭിപ്പിക്കുകയും ചെയ്യുമെന്ന ആശങ്കയിൽ യുഎസിന്റെ ഈ നയം മാറ്റത്തിനെതിരെ അറബ് ലോകം ശക്തമായി രംഗത്തെത്തുകയും യൂറോപ്യൻ യൂണിയനും ഫ്രാൻസിസ് മാർപാപ്പയും യുഎസ് നീക്കത്തെ അപലപിക്കുകയും ചെയ്തിരിക്കുകയാണ്. പലസ്തീൻ മേഖലയിൽ തെരുവിലിറങ്ങിയുള്ള പ്രതിഷേധം തുടരുകയാണ്. സംഘർഷഭരിതമാണ് അവിടം. യിസ്രായേലി സൈന്യവുമായുള്ള ഏറ്റുമുട്ടലുകളും വെടിവയ്പുകളും റോക്കറ്റ് ആക്രമണങ്ങളും കല്ലേറിയലുമൊക്കെ നടക്കുന്നു. പ്രശ്നം ചർച്ച ചെയ്യാൻ ചേർന്ന യുണൈറ്റഡ് നേഷൻസ് രക്ഷാസമിതിയുടെ അടിയന്തിര യോഗത്തിൽ യുഎസ് ഒറ്റപ്പെടുകയും ട്രംപിന്റെ തീരുമാനത്തെ യുഎസിന്റെ സഖ്യകക്ഷികളും രക്ഷാസമിതിയിലെ സ്ഥിരം അംഗങ്ങളായ ബ്രിട്ടനും ഫ്രാൻസും ഉൾപ്പടെയുള്ള രാജ്യങ്ങൾ ശക്തമായി എതിർക്കുകയും ചെയ്തു. രക്ഷാസമിതിയിൽ യുഎസ് തീരുമാനത്തെ അനുകൂലിച്ചത് യുഎസ് സ്ഥാനപ




തി, ഇന്ത്യൻ വംശജയായ നിക്കി ഹേലി മാത്രമായിരുന്നു. യെരുശലേമിനെ തലസ്ഥാനമാക്കിയ തീരുമാനം ഒട്ടേറെ ആശങ്കകളും ചോദ്യങ്ങളും ഉയർത്തുമെന്ന തിരിച്ചറിവോടെയാണു യുഎസ് തീരുമാനമെടുത്തതെന്നു നിക്കി ഹേലി വ്യക്തമാക്കി. ഈ പ്രഖ്യാപനം സമാധാന പ്രക്രിയയെ വേഗത്തിലാക്കുകയാണു ചെയ്യുക, മറിച്ച് തടസ്സപ്പെടുത്തുകയല്ല-നിക്കി പറഞ്ഞു. രാഷ്ട്രീയ വീക്ഷണത്തിൽ, ട്രംപിന്റെ ഇലക്ഷൻ പ്രചരണത്തിൽ നടത്തിയ വാഗ്ദാനങ്ങളിൽ ഒന്നിന്റെ സഫലീകരണമായിരുന്നു അത്. മുൻ അമേരിക്കൻ പ്രസിഡന്റുമാരായ ബിൽ ക്ലിന്റനും (1992) ജോർജ് ബുഷും (2000) ബരാക് ഒബാമയും (2008) ഒക്കെ ഈ വാഗ്ദാനം നൽകിയിരുന്നെങ്കിലും അത് സഫലീകൃതമായില്ല. ട്രംപ് അതു സാധിച്ചെടുത്തത് രാഷ്ട്രീയ വിജയം തന്നെ. ഈ പ്രഖ്യാപനത്തോടെ യിസ്രായേലുമായി ബന്ധപ്പെട്ട സുപ്രധാന സംഭവവികാസങ്ങൾക്കു ലോകം സാക്ഷിയാകുകയാണ്.

### ഇതൊരു രാഷ്ട്രീയ വിജയം മാത്രമോ?

യുഎസ് പ്രസിഡന്റിന്റെ പ്രഖ്യാപനത്തെ തുടർന്നുണ്ടായ ലോകവ്യാപകമായ പ്രതിഷേധം അതിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു. അറബ് രാജ്യങ്ങളടക്കം ലോകത്തിന്റെ ഒട്ടുമിക്ക രാജ്യങ്ങളും ഈ തീരുമാനത്തെ ശക്തമായി എതിർക്കുന്നു. കാരണം മറ്റൊന്നല്ല, വിഷയത്തിന്റെ പ്രസക്തി ദൈവിക തിരുവചനത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കും അതിലെ പ്രവചന നിവർത്തിയിലേക്കും വഴി തുറക്കുന്ന ഒരു പ്രഖ്യാപനമായിരുന്നു എന്നതാണ് കാരണം. ദൈവസൃഷ്ടിയായ പ്രപഞ്ചത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും ചരിത്രം സംബന്ധിച്ചുള്ള ദൈവീക പദ്ധതി യിസ്രായേൽ എന്ന രാജ്യമായും യെഹൂദൻ എന്ന ജാതിയായും ബന്ധപ്പെട്ടു കിടക്കുന്നു. ദൈവീക അനു

ശേഷം 2-ാം പേജിൽ

## ഐ.ആർ.എ പുതിയ ഭരണ സമിതി അംഗങ്ങൾ



മാത്യൂസ് ഇട്ടി



പി. സാംകുട്ടി



പി.സി. ജേക്കബ്



സാബു എം.ജോസഫ്



ജേക്കബ് ജോർജ്



ഷിബു ജോസഫ്



ഒ.എം. ജോർജ്

**കറുകച്ചാൽ:** ഇൻഡ്യാ റിവൈവൽ അസംബ്ലി ദൈവസഭയുടെ ഭരണ സമിതിയായ എക്സിക്യുട്ടീവ് ബോഡിയിലേക്കു തിരഞ്ഞെടുപ്പു നടന്നു. റവ.മാത്യൂസ് ഇട്ടി (പ്രസിഡന്റ്), പാസ്റ്റർമാരായ പി. സാംകുട്ടി (വൈസ് പ്രസിഡന്റ്), പി.സി. ജേക്കബ് (ജനറൽ സെക്രട്ടറി), സാബു എം. ജോസഫ് (ട്രഷറർ), ഷിബു ജോസഫ് (ജോയിന്റ് സെക്രട്ടറി), ജേക്കബ് ജോർജ്, ഒ.എം. ജോർജ് (എക്സി. മെമ്പേഴ്സ്) എന്നിവരാണു പുതിയ ഭരണ സമിതി അംഗങ്ങൾ. നവംബർ 22-നു വാഴൂർ 15-ാം മൈൽ ഐ.ആർ.എ സഭാ ഹാളിൽ റവ. മാത്യൂസ് ഇട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന സഭയുടെ ജനറൽ ബോഡി യോഗത്തിലാണ് അടുത്ത രണ്ടു വർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്.

## കുമ്പനാട് കൺവൻഷൻ



ജേക്കബ് ജോൺ



വിൽസൺ ജോസഫ്



കെ.സി. ജോൺ



തോമസ് ഫിലിപ്



സജി പോൾ

**തിരുവല്ല:** ഇന്ത്യാ പെന്തക്കോസ്ത് ദൈവ സഭയുടെ 94-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 14 മുതൽ 21 വരെ കുമ്പനാട് ഹെബ്രോൻ പുരത്തു നടക്കും. 14-നു വൈകിട്ടു 5.30ന് സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. കെ.സി. ജോൺ അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ സണ്ണി കുര്യൻ വചനം പ്രസംഗിക്കും. 'പരിശുദ്ധത്മാവിന്റെയും ശക്തിയുടെയും അഭിഷേകം' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. തുടർന്നുള്ള ദിവസങ്ങളിൽ പ്രസിദ്ധരായ ദൈവദാസന്മാർ വിവിധ സെഷനുകളിൽ പ്രസംഗിക്കും. കൂടാതെ ബൈബിൾ ക്ലാസ്, മിഷനറി സമ്മേളനം, പി.വൈ.പി.എ-സണ്ടേസ്കൂൾ-സോദരീ സമാജ സമ്മേളനങ്ങൾ, പൊതുയോഗങ്ങൾ, ഹെബ്രോൻ ബൈബിൾ കോളജ് പി.ജി ഗ്രാജുവേഷൻ, എഴുത്തുകാരുടെയും മാധ്യമ പ്രവർത്തകരുടെയും ആഗോള സമ്മേളനം, മറുനാടൻ മലയാളി വിശ്വാസികളുടെ സംഗമം, സ്നാനം തുടങ്ങിയവ നടക്കും. സാം കുഴിക്കാലയും പാസ്റ്റർ റോയി പൂവക്കാലയും ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകും. 21-നു രാവിലെ 8-നു പാസ്റ്റർ എം.വി. വർഗീസിന്റെ നേതൃത്വത്തിൽ തിരുവത്താഴ ശുശ്രൂഷയും തുടർന്നു സമാപന സമ്മേളനവും നടക്കും. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഗൾഫ്, അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമുള്ള വിശ്വാസികൾ പങ്കെടുക്കും. കൺവൻഷനു മുന്നോടിയായി ഒരാഴ്ചത്തെ ഉപവാസ പ്രാർത്ഥനയും ജനുവരി 7 മുതൽ 13 വരെ നടക്കും. കൺവൻഷൻ ക്രമീകരണങ്ങൾക്കായി പാസ്റ്റർമാരായ ജേക്കബ് ജോൺ, വൈസ് പ്രസിഡന്റ് വിൽസൺ ജോസഫ്, ഡോ.കെ.സി. ജോൺ, ജോ.സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്, ട്രഷറർ സജി പോൾ, പബ്ലിസിറ്റി കൺവീനർ എം.വി. ഫിലിപ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. കൺവൻഷനിൽ പങ്കെടുക്കുന്നവർക്ക് (കൂപ്പൺ എടുത്തിരിക്കണം) ഭക്ഷണം നൽകും. 1925-ൽ റാന്നിയിൽ തുടങ്ങിയ കൺവൻഷനാണ് പ്രസിദ്ധമായ കുമ്പനാട് കൺവൻഷൻ. സഭയുടെ അന്തർദേശീയ കൺവൻഷൻ കൂടിയാണിത്. ഇതര പെന്തക്കോസ്തു സഭാ വിശ്വാസികളുടെയും ദൈവവചന സ്നേഹികളായ ക്രൈസ്തവരുടെയും സംഗമവേദി കൂടിയാണ് കുമ്പനാട് കൺവൻഷൻ.

**ഇൻഡ്യാ റിവൈവൽ അസംബ്ലി സ്ഥാപക പ്രസിഡന്റും ക്രിസ്ത്യൻ ഫോക്കസ് മാനേജിംഗ് എഡിറ്ററുമായ റവ. മാത്യൂസ് ഇട്ടിയുമായി ബ്രദർ തോമസ് അലക്സാണ്ടർ നടത്തിയ അഭിമുഖം നാലാം പേജിൽ...**

# ദലിത് ക്രൈസ്തവരെ അവഗണിക്കുന്നത് മനുഷ്യാവകാശ ലംഘനം: ബിഷപ് തോമസ് കെ. ഉമ്മൻ

## അവകാശ സംരക്ഷണ റാലി തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** മതം മാറി, സഭ മാറി എന്നീ കാരണങ്ങൾ പറഞ്ഞ് ദലിത് ക്രൈസ്തവരെ അവഗണിക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണെന്നു സി.എസ്.ഐ മോഡറേറ്റർ ബിഷപ് തോമസ് കെ. ഉമ്മൻ. അവകാശങ്ങൾ നേടിയെടുക്കാൻ ദലിത് ക്രൈസ്തവ സമൂഹം ഒന്നിച്ചു നിൽക്കണം. അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെ കൗൺസിൽ ഓഫ് ദലിത് ക്രിസ്ത്യൻസ് സംഘടിപ്പിച്ച ദലിത് ക്രൈസ്തവ സംവരണ സംരക്ഷണ റാലി സെക്രട്ടറിയേറ്റിനു മുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭിന്നിപ്പുകൾ മറന്നു പോരാട്ടത്തിനിറങ്ങാൻ സമയമായി. തൊഴിലും ആനുകൂല്യങ്ങളും ഉൾപ്പടെയുള്ള അവകാശങ്ങൾ ഈ വിഭാഗത്തിനു അനുവദിക്കണമെന്നും ബിഷപ് പറഞ്ഞു. സർക്കാരുകളിൽ നിന്നുള്ള അവഗണനപോലെ തന്നെ വിഷമിപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റമാണു സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും ജനങ്ങൾക്കുണ്ടാകുന്നതെന്നു കൗൺസിൽ രക്ഷാധികാരി ഫാദർ ജോൺ അരീക്കൽ പറഞ്ഞു. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പ്രകാരം കേന്ദ്ര സർക്കാരിൽ 27 ശതമാനം സംവരണമാണു പിന്നാക്ക സമുദായത്തിനുള്ളത്. ഇത് എല്ലാ പിന്നാക്കക്കാർക്കുമായി ഒരുമിച്ചു നൽകുന്നതിനാൽ ദലിത് ക്രൈസ്തവർക്കു സംവരണാനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ലെന്നും ദലിത് ക്രൈസ്തവർക്കു സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള സംവരണം ഒരു ശതമാനത്തിൽനിന്നു നാലു ശതമാനമായി വർദ്ധിപ്പിക്കണമെന്നും സംഘാടകർ പറഞ്ഞു.

# ഐ.പി.സി. പാമ്പിനി സെന്റർ കൺവൻഷൻ

**പാമ്പിനി:** ഐ.പി.സി. പാമ്പിനി സെന്റർ കൺവൻഷൻ 2017 ഡിസംബർ 27 ബുധൻ മുതൽ 31 ഞായർ വരെ പാമ്പിനി ഐ.പി.സി. ഫിലദൽഫിയ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. എല്ലാദിവസവും വൈകിട്ട് 6 മുതൽ 9 വരെ. പാസ്റ്റർമാരായ ചാണ്ടി തോമസ് പാമ്പിനി, തോമസ് മാമ്മൻ കോട്ടയം, വർഗ്ഗീസ് ബേബി കായംകുളം, ജോസ് ഫിലിപ്പ് ബഹറിൻ എന്നിവർ വചനം ശുശ്രൂഷിക്കും. പാസ്റ്റർ ചാണ്ടി തോമസ് പാമ്പിനി സഭായോഗത്തിന് നേതൃത്വം നൽകും.




# ഐ.പി.സി.മലബാർ മേഖല കൺവൻഷനു സമാപ്തി

**നിലമ്പൂർ:** ഇരുളിന്റെ ശക്തികൾക്കെതിരെ നമ്മുടെ മക്കളെ നന്മയിലേക്ക് നയിക്കാൻ വിശ്വാസികൾ ജാഗരൂഗരാകണമെന്ന ആഹ്വാനത്തോടെ ഐ..പി.സി മലബാർ മേഖല കൺവൻഷനു സമാപ്തി. മലബാറിലെ എല്ലാ വിശ്വാസി കുടുംബങ്ങളിലും രാവിലേയും വൈകിട്ടും കുടുംബപ്രാർത്ഥന നിർബന്ധമാക്കണമെന്നും ദൈവവചന പഠനത്തിന് കുടുംബങ്ങളിൽ പ്രാധാന്യം നല്കണമെന്നും കൺവൻഷൻ ആഹ്വാനം ചെയ്തു. പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന കൺവൻഷൻ നവംബർ 15ന് മേഖലാ രക്ഷാധികാരി പാസ്റ്റർ വി.ജെ ജോർജ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ ഷിബു നെടുവേലിൽ, കെ.എം ജോർജ്, വിൽസൺ ജോസഫ്, രാജു പൂ വക്കാല, അനീഷ് കാവാലം, ശമുവേൽ ജോൺ, സ്റ്റാൻലി ഡാനിയേൽ, ഫിലിപ്പ് പി. തോമസ്, വർഗീസ് ഏബഹാം എന്നിവർ പ്രസംഗിച്ചു. സോദരിമാരുടെ സമ്മേളനത്തിൽ പാസ്റ്റർ തോമസ് തോമസ് അദ്ധ്യക്ഷനായിരുന്നു. സിസ്റ്റർ സൂസൻ തോമസ് പ്രസംഗിച്ചു. സണ്ടേസ്ക്കൂൾ യുവജന സമ്മേളനത്തിൽ പി.വൈ.പി.എ മേഖല പ്രസിഡണ്ട് സാം കൊണ്ടാഴി അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ വി.പി.ഫിലിപ്പ് പ്രസംഗിച്ചു. മേഖലാ സെക്രട്ടറി പാസ്റ്റർ ബിജോയ് കുര്യാക്കോസ്, പാസ്റ്റർമാരായ മാത്യു തോമസ്, കെ.സി. ഉമ്മൻ, സാം ഡാനിയേൽ, സന്തോഷ് മാത്യു, മോനി ചെന്നിത്തല എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്നു. പാസ്റ്റർമാരായ ജിമ്മി കുര്യാക്കോസ്, ജോസ് വർഗീസ്, വി.ടി. അന്ത്രയോസ്, ഷിബു ഫിലിപ്പ്, എം.ജെ. മത്തായി, ജോർജ് എൻ. ഏബ്രഹാം, ജയിംസ് അലക്സാണ്ടർ, ചാക്കോ ദേവസ്യാ, കെ.സി. സക്കറിയ, സാബു മത്തായി, ബാബു മഞ്ചേരി തുടങ്ങിയവർ പകൽ യോഗങ്ങളിൽ പ്രസംഗിച്ചു. നവംബർ 19 ന് ഞായാഴ്ച സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടന്നു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ മലബാറിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം പാസ്റ്റർ ജോൺ ജോർജ് നിർവ്വഹിച്ചു. വാഹനമില്ലാത്ത 12 സുവിശേഷ പ്രവർത്തകർക്ക് ബൈക്ക് നല്കുന്നതിന്റെ ആദ്യഘട്ടം തെരെഞ്ഞെടുക്കപ്പെട്ട അഞ്ച് സുവിശേഷ പ്രവർത്തകർക്കുള്ള ബൈക്ക് വിതരണവും നടന്നു. മലബാറിലെ 100 സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 15 പുതിയ പ്രവർത്തകർക്കു മാസം തോറുമുള്ള സഹായ വിതരണോദ്ഘാടനവും നടന്നു. പാസ്റ്റർ മാത്യൂസ് ചാക്കോ, സിനോജ് ജോർജ്, കെ.എസ്.യു നേതാവ് വി.എസ് ജോയി, ടോണി ഡി ചെവ്വൂക്കാരൻ എന്നിവർ ആശംസളറിയിച്ചു. ശാലേം വോയ്സ് പത്തനാപുരം ഗാനശുശ്രൂഷയ്ക്ക് നേതൃത്യം നല്കി. കൺവൻഷൻ ഭാരവാഹികളായ പാസ്റ്റർ ജെയിംസ് ഏബ്രഹാം, ജോർജ് തോമസ് വടക്കുഞ്ചേരി, ജയിംസ് വർക്കി നിലമ്പൂർ, സജി മത്തായി കാതേട്ട്, പാസ്റ്റർ ബിജു വർഗീസ് തുടങ്ങിയവർ നേതൃത്യം നല്കി.

**ട്രംപിന്റെ പ്രഖ്യാപനവും ദൈവവചനത്തിന്റെ പ്രാധാന്യവും** 1-ാം പേജിൽനിന്നും തുടർച്ച

ഗ്രഹങ്ങളുടെ പ്രവേശന കവാടം യിസ്രായേൽ ആണ് (ഉൽപ.12:1-3). ദൈവവിളി കേട്ടിറങ്ങിയ അബ്രഹാമിനെ ഒരു വലിയ ജാതിയാക്കാമെന്നും നിന്നിൽക്കൂടി ഭൂമിയിലെ സകല വംശങ്ങളെയും അനുഗ്രഹിക്കാമെന്നും നിന്നെ ശപിക്കുന്നവർക്കു ശാപവും അനുഗ്രഹിക്കുന്നവർക്കു അനുഗ്രഹവും നൽകുമെന്നും ദൈവം അബ്രഹാമിനോടു വാഗ്ദത്തം ചെയ്തു. ആ ഏക വാഗ്ദത്തമാണ് ചരിത്രത്തിൽ കാണുന്ന സുപ്രധാന സംഭവങ്ങളുടെയും യുദ്ധങ്ങളുടെയും പ്രഖ്യാപനങ്ങളുടെയും പിന്നിലെ അടിസ്ഥാന ഘടകം.

### യെരുശലേം യിസ്രായേലിന്റെ തലസ്ഥാനം തന്നെ

അബ്രഹാമിന്റെ പിൻ തലമുറക്കാരായ യിസ്രായേൽ ജനം വാഗ്ദത്തദേശമായ കനാനിൽ എത്തുന്നതിനു മുമ്പുതന്നെ ദൈവം അവരുടെ ദേശത്തിനു അതിരുകൾ കൽപ്പിച്ചാക്കിയിരുന്നു (ഉൽപ.15:18-21). അവകാശ ദേശമായ യിസ്രായേലിൽ എത്തിയ യെഹൂദാ ജനത്തിന്റെ രാജാവായ ദാവീദ് യെബൂസ്യരുടെ കൈവശമായിരുന്ന യെരുശലേം യുദ്ധം ചെയ്തു പിടിച്ചടക്കുകയും അവിടെ തന്റെ നഗരം സ്ഥാപിക്കുകയും ചെയ്തു (2 ശമു.5:6,7). അന്നു മുതലേ യെരുശലേം യിസ്രായേലിന്റെ തലസ്ഥാന നഗരമാണ്. ലോക രാജ്യങ്ങൾ അംഗീകരിച്ചില്ലെങ്കിലും യെരുശലേം യിസ്രായേലിന്റെ തലസ്ഥാനം തന്നെ. വാഗ്ദത്ത ദേശത്തു പാർത്തുവന്ന യെഹൂദ ജാതി പലപ്പോഴും ദൈവവഴി വിട്ടു നടന്നു. ദൈവം അവരെ ഉദ്ധരിപ്പാൻ പ്രവാചകന്മാരെയും ന്യായാധിപന്മാരെയും അയച്ചു. ഒടുവിൽ സ്വന്തജനത്തിന്റെ ഉദ്ധാരണത്തിനായി യെഹൂദാകുലത്തിൽ നിന്നു തന്നെ ദൈവപുത്രനായ മശിഹാ പ്രത്യക്ഷനായി. എന്നാൽ അവർ അവനെ കൈക്കൊണ്ടില്ല (യോഹ.1:11). മശിഹായുടെ കാൽവറിയിലെ ക്രൂശുമരണത്താൽ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് സാധിച്ചു. ജാതികൾക്കു ദൈവമക്കളായി തീരുവാൻ ദൈവം പദ്ധതിയൊരുക്കി (യോഹ.1:12; റോമ.10:9). യെഹൂദാ ജനമാകട്ടെ 'അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ മക്കളുടെമേലും വരട്ടെ' (മത്തായി 27:25) എന്നു ആക്രോശിച്ചു പറഞ്ഞു. അതുകൊണ്ട് ഒന്നിച്ച് ഒരിടത്ത് പാർത്തിരുന്ന യെഹൂദ ജനത്തെ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ദൈവം ചിതറിച്ചു. A.D 70-ൽ റോമാ ചക്രവർത്തിയായിരുന്ന തീത്തോസ് കൈസർ യിസ്രായേലിനെ തോൽപിച്ചു ദേശം പിടിച്ചടക്കി. അവരുടെ ദേവാലയം ചുട്ടുകളഞ്ഞു. യെഹൂദനാകട്ടെ ലോകത്തിലെമ്പാടുമായി ചിതറിപ്പോയി. നൂറ്റാണ്ടുകൾ സ്വന്ത രാജ്യമില്ലാതെ, രാജാവില്ലാതെ, ഒരു ആരാധന സ്ഥലമില്ലാതെ അവർ അലഞ്ഞു നടന്നു. എന്നാൽ അവരോടുള്ള ദൈവീക വാഗ്ദത്തങ്ങൾക്കു മാറ്റമില്ലായിരുന്നു (ലേവ്യ 25:10). 50-ാം സംവത്സരം അവർക്ക് യോബേൽ സംവത്സരമായി (Year of Jubile/Year of Jubilee), സ്വാതന്ത്ര്യത്തിന്റെ വർഷമായി ദൈവം വാഗ്ദത്തം ചെയ്തിരുന്നു. അതു സാധിക്കണമെങ്കിൽ അവർ ശുദ്ധീകരക്കപ്പെടണമായിരുന്നു. ദൈവത്തിങ്കലേക്കു തിരിഞ്ഞു ശുദ്ധീകരിക്കപ്പെടുമ്പോൾ അവർക്കു താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകുവാൻ കഴിയും (ലേവ്യ.25:13). അ.ഉ 70-ൽ ചിതറിപ്പോയ യെഹൂദ ജനത്തിന്റെ മടങ്ങിവരവിന്റെ ചരിത്രം യോബേൽ സംവത്സരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അവരുടെ മടങ്ങിവരവു വരെ ചലിക്കാതിരുന്ന ദൈവീക ഘടികാരം ചലിച്ചുതുടങ്ങിയത് യെഹൂദന്റെ മടങ്ങിവരവോടുകൂടിയാണ്. 1867-ൽ ഫ്രാൻസും ഇറ്റലിയും ചേർന്നു ഒരു കരാർ ഉണ്ടാക്കി. ആ കരാറിൻ പ്രകാരം യെഹൂദനെ ഒരു ജാതിയായി അംഗീകരിക്കുന്നതായിരുന്നു അവരുടെ യഥാസ്ഥാനത്വത്തിന്റെ തുടക്കം. തുടർന്ന് യോബേൽ സംവത്സരമായ 1917-ൽ 'ബാൽഫർ' പ്രഖ്യാപനം വഴി ബ്രിട്ടൻ യിസ്രായേലിനെ ഒരു രാഷ്ട്രമായി അംഗീകരിച്ചു. തുടർന്നുള്ള യോബേൽ സംവത്സരം 1967 ആകുന്നതിനു മുമ്പു തന്നെ 1947-ൽ യുണൈറ്റഡ് നേഷൻസ് യിസ്രായേലിനെ ഒരു രാഷ്ട്രമായി അംഗീകരിച്ചു. 1948 മെയ് 13-നു ബ്രിട്ടീഷ് ജനറൽ എഡ്മണ്ട് അല്ലൻബിയുടെ നേതൃത്വത്തിൽ 75 അംഗങ്ങളുള്ള ഒരു സംഘം കാൽനടയായി ചെന്നു യിസ്രായേലിൽ തങ്ങളുടെ പതാക നാട്ടി. എന്നാൽ പിന്നെയും അവർക്കു കടമ്പകളേറെ കടക്കേണ്ടതുണ്ടായിരുന്നു. ഇന്നും അതു തുടരുന്നു. തുടർന്നു നടന്ന പ്രധാന സംഭവം 1967-ലെ (1967 ജൂൺ 7) ചരിത്ര പ്രസിദ്ധ യുദ്ധമാണ്. അതും ഒരു യോബേൽ സംവത്സരത്തിലായിരുന്നുതാനും. കേവലം 6 ദിവസം മാത്രം നീണ്ടുനിന്ന യുദ്ധത്തിൽ ശത്രു രാജ്യങ്ങളെയെല്ലാം തോൽപ്പിച്ച് യിസ്രായേൽ ഒരു സ്വതന്ത്ര രാഷ്ട്രമായി. ഈജിപ്റ്റിന്റെ പ്രസിഡന്റായിരുന്ന നാസർ പറഞ്ഞു; ഭൂപടത്തിൽ ഒരു പൊട്ടുപോലെ കാണപ്പെടുന്ന യിസ്രായേലിനെ ഭൂപടത്തിൽനിന്നും നീക്കം ചെയ്യുമെന്ന്. എന്നാൽ ഇന്നും യിസ്രായേൽ ഭൂപടത്തിലുണ്ട്. മാനവ ചരിത്രത്തിൽ അതിശക്തന്മാരായ രാജാക്കന്മാരും ഭരണകൂടങ്ങളും ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ അവരും അവരുടെ ഭരണകൂടങ്ങളും ഇന്നില്ല. അതൊക്കെ കേവലം ചരിത്ര രേഖകളിൽ മാത്രം ഒതുങ്ങമ്പോൾ ഇന്നും നിലനിൽക്കുന്നതും ശക്തി ഏറിവരുന്നതുമായ രാജ്യം യിസ്രായേൽ മാത്രമാണ്. ദൈവീക വാഗ്ദത്തവും പദ്ധതിയും അവരുടെമേലുണ്ട് എന്നതുമാത്രമാണു കാരണം. 1967-ൽ രാഷ്ട്രം സ്വതന്ത്രമായിട്ടും സർവ്വശക്തനായ ദൈവം വാഗ്ദത്തം ചെയ്ത ദേശം പൂർണ്ണമായും അവർക്കു കൈവശമായി ലഭിച്ചിട്ടില്ല. അതിൽ പ്രധാനപ്പെട്ട ഒരു സ്ഥലമാണ് ദാവീദിന്റെ നഗരമെന്നു അറിയപ്പെടുന്ന അവരുടെ തലസ്ഥാന നഗരി. യെരുശലേമിന്റെ പല ഭാഗങ്ങളും ഇന്നും പലസ്തീന്റെ അധീനതയിലാണ്. തങ്ങൾക്ക് അവകാശപ്പെട്ടതാണ് യെരുശലേം എന്നാണു പലസ്തീന്റെ വാദം. ഇവിടെയാണു 2017 ഡിസംബറിൽ ട്രംപ് നടത്തിയ പ്രഖ്യാപനത്തിന്റെ പ്രസക്തിയും പ്രശസ്തിയും. അതും യെഹൂദന്റെ യോബേൽ സംവത്സരത്തിൽ (1967+50=2017) ആണു നടന്നത് എന്നത് വിശുദ്ധ സത്യവേദപുസ്തകത്തിലേക്കു ശ്രദ്ധ ആകർഷിക്കുന്നു. നമുക്ക്, ദൈവജനത്തിനു പ്രധാനം ട്രംപോ, ട്രംപിന്റെ പ്രഖ്യാപനമോ ഇതര രാഷ്ട്രങ്ങളുടെ പ്രതിഷേധമോ ഒന്നുമല്ല. ദൈവവചനമാണു പ്രധാനം. വചനത്തിന്റെ പ്രഖ്യാപനമാണു നമുക്ക് വിഷയമാകേണ്ടത്. ദൈവീക പദ്ധതികളുടെയും പ്രവചനങ്ങളുടെയും വാഗ്ദത്തങ്ങളുടെയും കാര്യപരിപാടികളുടെ ഘടികാരത്തിൽ അതതിന്റെ സമയ-കാലങ്ങളിൽ കൃത്യമായി നിറവേറപ്പെടുന്ന തിരുവെഴുത്തുകളുടെ പ്രാധാന്യമാണു നാം ഓർക്കേണ്ടതും ചിന്തിക്കേണ്ടതും. ട്രംപിന്റെ പ്രഖ്യാപനത്തെ ലോകരാഷ്ട്രങ്ങൾ എതിർക്കുന്നതിലും യിസ്രായേലിനെതിരെ യുദ്ധസന്നാഹങ്ങളൊരുക്കുന്നതിലും അതിശയിക്കേണ്ടതില്ല. അവയെല്ലാം തിരുവചന നിവർത്തി മാത്രം! സർവ്വ ശക്തനായ ദൈവം തന്റെ കാര്യനിർവഹണത്തിനായി ഓരോരുത്തരെ ഓരോ കാലങ്ങളിൽ ഉപയോഗിക്കുന്നു എന്നുമാത്രം. നാം കാണുകയും കേൾക്കുകയും ചെയ്യുന്ന നൂതന സംഭവങ്ങൾ യേശു നാഥന്റെ വരവ് അടുത്തു എന്നതിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ്. വചനം പറയുന്നു; 'ഞാൻ യെരുശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും പരിഭ്രമ പാത്രമാക്കും. യെരുശലേമിന്റെ നിരോധനത്തിങ്കൽ അതു യെഹൂദയ്ക്കും വരും. അന്നാളിൽ ഞാൻ യെരുശലേമിനെ സകല ജാതികൾക്കും ഒരു ഭാരമുള്ള കല്ലാക്കി വയ്ക്കും. അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേൽക്കും. ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടിവരും' (സെഖര്യ.12:2,3). നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ നമ്മോടു അടുത്തിരിക്കുന്ന നാളുകളാണിത്. കർത്താവിന്റെ രണ്ടാം വരവിന്റെ നാളുകളടുത്തു. ദൈവത്തിന്റെ നഗരമായ യെരുശലേമിൽ കർത്താവ് തന്റെ രാജ്യം സ്ഥാപിക്കുന്ന നാളുകൾ വിദൂരമല്ല. നാം ഉണരേണ്ടതും ഒരുങ്ങേണ്ടതുമായ നാളുകളത്രെയിത്. ദൈവം അതിനായി നമുക്ക് കൃപ നൽകട്ടെ. ■

ക്രിസ്മസ് സന്ദേശം

ക്രിസ്തുവിന്റെ ജനനം ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ ഏറ്റവും വലിയ സമ്മാനമായിരുന്നു. ക്രിസ്തുവിനെ മനുഷ്യവർഗ്ഗത്തിനു നൽകിയതിലൂടെ ദൈവം സാധിച്ചെടുത്തത് ഒരു മതസ്ഥാപനമല്ല, ഒരു ആഘോഷ ദിവസമല്ല മറിച്ച് മാനവജാതിയുടെ പാപപരിഹാരത്തിനുള്ള ഒരു രക്ഷകനെയാണ്. അതാണ് ദൈവദൂതൻ ക്രിസ്തുജനനത്തിൽ നൽകിയ സന്ദേശവും.



# ക്രിസ്തുവും ക്രിസ്തുമസ്സും

റവ. മാത്യൂസ് ഇട്ടി

## ആദ്യത്തെ ക്രിസ്മസ് സന്ദേശം

ദൂതൻ അവരോട്: 'ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു' (ലൂക്കോ.2:10,11). മനുഷ്യവർഗ്ഗം കേട്ട ആദ്യത്തെ ക്രിസ്മസ് സന്ദേശമായിരുന്നു അത്. ആ ക്രിസ്മസ് ആശംസ അറിയിച്ചത് ദൈവദൂതനും ആശംസ കേട്ടത് ഇടയന്മാരും. ഇന്നും ഈ സന്ദേശം ലോകം മുഴുവനും അറിയണമെന്നും അറിയിക്കപ്പെടണമെന്നുമുള്ളതാണ് ദൈവോദ്ദേശം. ലോകമെങ്ങും ക്രിസ്മസ് ആഘോഷിക്കപ്പെടുന്നെങ്കിലും ക്രിസ്മസ് സന്ദേശത്തിൽ അടങ്ങിയിരിക്കുന്ന ദൈവീക ലക്ഷ്യം നഷ്ടമായി എന്നതാണ് ദു:ഖ സത്യം. ക്രിസ്തുവിന്റെ ജനനത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനെയാണ് ദൈവം നൽകിയതെങ്കിൽ ക്രിസ്മസ് ആഘോഷങ്ങളിൽ ഇന്നും ക്രിസ്തു ഉണ്ണിഈശോയും പുൽത്തൊട്ടിയും മാത്രമായിരിക്കുന്നു. ആഘോഷങ്ങളിലും ആശംസകളിലും അനുമോദനങ്ങളിലും അവയുടെ ആശയവും അർത്ഥവും വ്യക്തമാക്കപ്പെടുന്നില്ലെങ്കിൽ അവ നിരർത്ഥകമാണ്. അതാണ് ഇന്നു ക്രിസ്മസിനു സംഭവിച്ചതും.

## ക്രിസ്മസും ആഘോഷവും

കാലഘട്ടത്തെ രണ്ടായി തിരിച്ച മഹാസംഭവമാണ് ക്രിസ്തുവിന്റെ ജഡാവതാരത്തോടനുബന്ധിച്ചു നടന്നത്. ക്രിസ്തുവിന്റെ വരവോടുകൂടിയാണു കാലക്കണക്ക് ബി.സി എന്നും എ.ഡി എന്നും രണ്ടായി തിരിച്ചത്. ക്രിസ്മസ് ഡിസംബർ 25-നു ആഘോഷിക്കപ്പെടുന്നെങ്കിലും ക്രിസ്തു ജനിച്ചത് ഡിസംബർ മാസത്തിലായിരിക്കുവാൻ യാതൊരു സാധ്യതയും ദൈവ വചനത്തിലെ ഇതര സംഭവങ്ങളുമായി ബന്ധപ്പെടുത്തിയാൽ കാണുവാൻ കഴിയുകയില്ല. ജനിച്ചത് എന്നുമാകട്ടെ ക്രിസ്തുവിന്റെ ജനനം ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ ഏറ്റവും വലിയ സമ്മാനമായിരുന്നു. ക്രിസ്തുവിനെ മനുഷ്യവർഗ്ഗത്തിനു നൽകിയതിലൂടെ ദൈവം സാധിച്ചെടുത്തത് ഒരു മതസ്ഥാപനമല്ല, ഒരു ആഘോഷ ദിവസമല്ല മറിച്ച് മാനവജാതിയുടെ പാപപരിഹാരത്തിനുള്ള ഒരു രക്ഷകനെയാണ്. അതാണ് ദൈവദൂതൻ ക്രിസ്തുജനനത്തിൽ നൽകിയ സന്ദേശവും. മറ്റുള്ളവർക്കുവേണ്ടി ജീവിച്ചവരെയാണു ലോകം മഹാന്മാരായി കണക്കാക്കുന്നത്. മഹാത്മാ ഗാന്ധിയും മദർ തെരേസ്സയും ഏബ്രഹാം ലിങ്കനും ഒക്കെ മഹാന്മാരായത് അവർ മറ്റുള്ളവർക്കുവേണ്ടി ജീവിച്ചവരായതുകൊണ്ടാണ്. എന്നാൽ അവരിൽ നിന്നെല്ലാം വ്യത്യസ്തനാണു യേശുക്രിസ്തു. യേശു ജനിച്ചതും (ലൂക്കോ.2:11), മരിച്ചതും (1കൊരി.15:3), അടക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതും (1കൊരി.15:4), സ്വർഗ്ഗത്തിലേക്കു പോയതും (യോഹ.14:3), പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയച്ചു തന്നതും (യോഹ.16:7), മടങ്ങി വരുന്നതും (യോഹ.14:3) എല്ലാം മറ്റുള്ളവർക്കുവേണ്ടിയാണ് അഥവാ തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിയാണ്. വിയറ്റ്നാം യുദ്ധത്തിൽ വീരമൃത്യു വരിച്ച ഒരു അമേരിക്കൻ പട്ടാളക്കാരന്റെ കഥയുണ്ട്. അദ്ദേഹം പട്ടാള വേഷം ധരിച്ച് കൈയ്യിൽ തോക്കും പിടിച്ചുകൊണ്ട് നിൽക്കുന്ന ഒരു ചില്ലിട്ട ചിത്രം തന്റെ വീട്ടിൽ തൂക്കിയിട്ടിരുന്നു. അദ്ദേഹത്തിന്റെ ഏക മകളുടെ അഞ്ചാം ജന്മദിനം വന്നു. നാലാം ജന്മദിനത്തിൽ അവളുടെ ഡാഡി അവൾക്ക് ധാരാളം സമ്മാനങ്ങൾ നൽകിയത് അവൾക്ക് നല്ലവണ്ണം ഓർമ്മയുണ്ട്. അദ്ദേഹത്തിന്റെ വിധവയായ ഭാര്യയാകട്ടെ ഭർത്താവ് നഷ്ടപ്പെട്ട ദു:ഖവും മകളുടെ ജന്മദിനത്തിൽ അവൾക്കൊരു സമ്മാനം നൽകുവാൻ ഡാഡി ഇല്ലാതായിപ്പോയല്ലോ എന്ന മനോവിഷമവും കൊണ്ടു തകർന്ന ഹൃദയത്തിന്റെ ഉടമയുമായി. മകൾ നേരെ ഡാഡിയുടെ ചില്ലിട്ട ചിത്രത്തിന്റെ മുമ്പിലെത്തി ചിത്രത്തെ നോക്കി ഹൃദയം തകർന്നു നിലവിളിച്ചു. ഡാഡീ...എന്റെ പൊന്നു ഡാഡീ...ഇന്നെന്റെ ജന്മദിനമാണെന്നറിയില്ലേ? എനിക്കൊരു സമ്മാനവുമില്ലേ...?എനിക്കൊരു ജന്മദിന സമ്മാനം തരൂ. ഒന്നും ശബ്ദിക്കാതെ അനങ്ങാതിരിക്കുന്ന ഡാഡിയുടെ ചിത്രത്തെ നോക്കി അവൾ അലറി വിളിച്ചു. ഡാഡീ...ഡാഡിയുടെ കൈയ്യിൽ തോക്കില്ലേ, ആ തോക്കെടുത്ത് വെടിവച്ച് ആ ചില്ലു പൊട്ടിച്ചു ഇറങ്ങി വരൂ...വന്നിട്ട് എനിക്കൊരു സമ്മാനം വാങ്ങി തരൂ...അവൾ പലവട്ടം അലറി വിളിച്ചു പറഞ്ഞെങ്കിലും അവളുടെ ഡാഡി അതൊന്നും കേട്ടില്ല, ഇറങ്ങി വന്നുമില്ല. ലോകത്തിലെ സകല മഹാന്മാരുടെയും കഥ ഇതു തന്നെ. അവരൊക്കെയും ചില്ലിട്ട കൂട്ടിലും സുഗന്ധമിട്ട കല്ലറയിലും ചേതനയറ്റു കിടക്കുമ്പോൾ ക്രിസ്മസിന്റെ ഉടമസ്ഥന്റെ കഥ അതല്ല! അവിടുന്ന് ചരിത്രത്തിന്റെ ചില്ല് ഭേദിച്ച് പുറത്തു വന്നു. മഹാത്മാ ഗാന്ധിയുടെ ചിതാഭസ്മത്തിനു മുമ്പിൽ നിന്നു കൊണ്ട് ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്ന സരോജിനി നായിഡു ഇങ്ങനെ പറഞ്ഞു: 'അല്ലയോ മഹാത്മാവേ, ഇന്നു മൂന്നാം ദിവസമല്ലേ? മൂന്നാം ദിവസം യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റല്ലോ!? അങ്ങും ഉയിർത്തെഴുന്നേറ്റു വരൂ...' മഹാത്മാഗാന്ധി അതു കേട്ടില്ല. എന്നാൽ മൂന്നാം നാളിൽ റോമൻ ഭരണകൂടത്തിന്റെ അധികാര മുദ്രയെ തകർത്ത് യേശു പുറത്തു വന്നു. മരണത്തിനോ പാതാളത്തിനോ അവനെ അടക്കി വെയ്ക്കുക സാധ്യമല്ലായിരുന്നു. ക്രിസ്മസിന്റെ സന്ദേശം അവിടെയാണ് പ്രസക്തമാകുന്നത്. ലോകത്തിൽ മനുഷ്യനായി പിറന്ന സകല മനുഷ്യരും ജനിച്ചതുകൊണ്ട് മരിക്കുമ്പോൾ, മരിക്കുന്നതിനുവേണ്ടി ജനിച്ച ഏക വ്യക്തി യേശുക്രിസ്തുവാണ്. ആ മരണമാകട്ടെ സകല മനുഷ്യവർഗ്ഗത്തിന്റെയും രക്ഷയ്ക്കു വേണ്ടിയും. ഈ ക്രിസ്മസ് ആഘോഷവേളയിൽ ദൈവം നമുക്ക് യേശുക്രിസ്തുവിൽക്കൂടി നൽകിയ ആ വലിയ രക്ഷയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നതിനുള്ള ഒരു അവസരമായി തീരട്ടെ. മാത്രമല്ല യഥാർത്ഥമായ ക്രിസ്മസ് സന്ദേശം പങ്കുവയ്ക്കാൻ ഉത്സാഹിക്കുകയും ചെയ്യാം. ■

## ആദ്യ ബംഗാളി ബൈബിൾ വിവർത്തകനായ ബെൽജിയൻ മിഷനറി അന്തരിച്ചു

കൽക്കത്ത : ബംഗാളി ഭാഷയിലേയ്ക്ക് ആദ്യമായി ബൈബിൾ വിവർത്തനം ചെയ്ത കത്തോലിക്കാ വൈദീകൻ ഫാ. ക്രിസ്ത്യൻ മിഗോൻ അന്തരിച്ചു. 93 വയസ്സായിരുന്നു. ബെൽജിയത്തിൽ നിന്ന് 25–ാം വയസ്സിൽ ബംഗാളിലെ കൽക്കത്തയിലേയ്ക്ക് പ്രേക്ഷിത ദൗത്യവുമായി എത്തിയ ഫാദർ 40 വർഷം കൊണ്ടാണ് ബൈബിൾ വിവർത്തനം പൂർത്തീകരിച്ചത്. ഈ ബൈബിളിനെ മംഗലവാർത്ത ബൈബിൾ എന്നാണ് അറിയപ്പെടുന്നത്. ബംഗാൾ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ ക്രൈസ്തവരിൽ നല്ലൊരു ഭാഗവും ഇന്നും ഈ ബൈബിൾ ഉപയോഗിക്കുന്നു. ഇന്ത്യൻ ബൈബിൾ സൊസൈറ്റി യുടേതായി പിന്നീട് സത്യവേദപുസ്തകവിവർത്തനവും പുറത്തിറങ്ങി. മംഗലവാർത്താ ബൈബിളിന്റെ ആദ്യ പതിപ്പ് 1985ൽ മാർപാപ്പ കൽക്കത്ത സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് സമ്മാനിച്ചിരുന്നു.

## ഡിഗാരു ഭാഷയിൽ ബൈബിൾ ഭാഗങ്ങൾ പ്രകാശനം ചെയ്തു



അരുണാചൽ പ്രദേശ് ബാപ്റ്റിസ്റ്റ് കൗൺസിൽജനറൽ സെക്രട്ടറി റവ. ചാങ്ക ചിപ്പോ സമർപ്പണശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു. വിക്ലിഫ് ഇന്ത്യാ അസ്സോസിയേറ്റ് ഡയറക്ടർ സാം കൊണ്ടാഴി, വിക്ലിഫ് ഇന്ത്യാ ബൈബിൾ പരിഭാഷകൻ മാത്യു എബനേസർ എന്നിവർ സമീപം.



അരുണാചൽപ്രദേശ് സംസ്ഥാന വനം വകുപ്പ്മന്ത്രി ഡോ.മൊഹേഷ് ചായിയ്ക്ക് വിക്ലിഫ് ഇന്ത്യാ അസ്സോസിയേറ്റ് ഡയറക്ടർ സാം കൊണ്ടാഴി ആദ്യപ്രതി നൽകുന്നു.വിക്ലിഫ് ഇന്ത്യാ ബൈബിൾപരിഭാഷകൻ മാത്യു എബനേസർ സമീപം.

**തെജു (അരുണാചൽപ്രദേശ്):** ദീർഘ വർഷങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലമായി പുതിയനിയമഭാഗങ്ങൾ മിഷ്മി ഡിഗാരു ഭാഷയിൽ പ്രസിദ്ധികരിക്കപ്പെട്ടു. ഡിസംബർ 1-ന് അരുണാചൽ പ്രദേശിലെ തെജുവിൽ നടന്ന പ്രത്യേക സമ്മേളനത്തിലാണ് യോഹന്നാൻ എഴുതിയസുവിശേഷം, ഫിലിപ്പിയർ, യാക്കോബ് എന്നീ മൂന്നു പുതിയ നിയമഭാഗങ്ങൾ പരിഭാഷചെയ്ത് പ്രസിദ്ധികരിച്ചത്. അരുണാചൽ പ്രദേശ് ബാപ്റ്റിസ്റ്റ് കൗൺസിൽ ജനറൽ സെക്രട്ടറി റവ. ചാങ്ക ചിപ്പോ സമർപ്പണശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വിശിഷ്ട അതിഥിയായിരുന്ന അരുണാചൽപ്രദേശ് സംസ്ഥാന വനം വകുപ്പ് മന്ത്രി ഡോ. മൊഹേഷ് ചായിയ്ക്ക് വിക്ലിഫ് ഇന്ത്യാ അസ്സോസിയേറ്റ് ഡയറക്ടർ സാം കൊണ്ടാഴി ആദ്യപ്രതി നൽകി. പ്രസിദ്ധികരിക്കപ്പെട്ട പുതിയ നിയമ ഭാഗങ്ങളുടെ ഓഡിയോപതിപ്പും ആരാധന ഗീതങ്ങളും അന്നെ ദിവസം പ്രകാശനം ചെയ്തു. വിക്ലിഫ് ഇന്ത്യാ ബൈബിൾപരിഭാഷകൻ മാത്യു എബനേസറിന്റെ നേതൃത്വത്തിലുള്ള പരിഭാഷാസംഘത്തിന്റെ പത്തുവർഷത്തെ നീണ്ട പ്രയത്നത്തിന്റെ ഫലമായിട്ടാണ് സംസാരഭാഷയായിരുന്ന ഡിഗാരുവിൽആദ്യമായി ദൈവവചനം അച്ചടിരൂപത്തിൽ ലഭിക്കുന്നത്. രണ്ടു വർഷത്തിനുള്ളിൽ പുതിയ നിയമം മുഴുവനായും ഡിഗാരു, മിജു ഭാഷകളിൽ പ്രസിദ്ധികരിക്കുവാൻ കഴിയുമെന്ന് മാത്യു എബനേസർ അറിയിച്ചു.

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ജനറൽ കൺവൻഷൻ

**പാമ്പാടി:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ പാമ്പാടി 22-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 10 ബുധൻ മുതൽ 14 ഞായർ വരെ പുളിക്കൽകവല ഐ.പി.സി. സീയോൻ ഗ്രൗണ്ടിൽ വച്ച് നടക്കും. പ്രസ്തുത യോഗങ്ങളിൽ പാസ്റ്റർമാരായ കുക്കു മാത്യു, അനീഷ് കാവാലം, അജി ഐസക്ക് ഏഴംകുളം, അജി ആന്റണി റാന്നി, രാജ്കുമാർ തമിഴ്നാട് എന്നിവർ വചനം പ്രസംഗിക്കും. കൺവൻഷനോടനുബന്ധിച്ച് ബൈബിൾ ക്ലാസ്സുകൾ, വചന ധ്യാനം, കാത്തിരിപ്പുയോഗം, സ്നാനം, കർതൃമേശ, സണ്ടേസ്കൂൾ-യൂത്ത്-ലേഡീസ് മിനിസ്ട്രീസ് മീറ്റിംഗുകൾ എന്നിവ ഉണ്ടായിരിക്കും. ഈ യോഗങ്ങളുടെ ക്രമീകരണത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ചർച്ച് ഓഫ് ഗോഡ് മെലഡീസ് ഗാനങ്ങൾ ആലപിക്കും.

# ഇൻഡ്യാ റിവൈവൽ

INDIA REVIVAL ASSEMBLY
IRA
25 YEARS OF HARVEST

ഭാരത സുവിശേഷീകരണം ലക്ഷ്യമാക്കി ആരംഭിച്ച സുവിശേഷ സംഘടനയാണ് ഇൻഡ്യാ റിവൈവൽ അസംബ്ലി. സമൂഹത്തിൽ സാമ്പത്തികമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്നവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനവും ഈ സഭയുടെ സ്ഥാപിത ലക്ഷ്യങ്ങളിലൊന്നാണ്. കർത്തൃദാസൻ പാസ്റ്റർ മാത്യൂസ് ഇട്ടിക്കു ദൈവത്തിൽ നിന്നു ലഭിച്ച ദർശനങ്ങളുടെയും പ്രത്യേക ആത്മനിയോഗത്തിന്റെയും പ്രചോദനത്താൽ 1989-90 കാലഘട്ടങ്ങളിൽ അദ്ദേഹത്തിന്റെയും സഹപ്രവർത്തകരായിരുന്ന ചില ദൈവദാസന്മാരുടെയും പ്രവർത്തന ഫലമായി കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ചില സ്ഥലങ്ങളിൽ ആരംഭിച്ച കൂടിവരവുകൾ നിലനിർത്തി കൊണ്ടുപോകേണ്ടതിന്റെ ആവശ്യകത പരിഗണിച്ചാണ് ഇപ്രകാരമൊരു ആത്മീയ പ്രസ്ഥാനത്തിനു രൂപം കൊടുക്കുന്നത്. 1991 ജൂലൈ മാസത്തിൽ പാസ്റ്റർമാരായ മാത്യൂസ് ഇട്ടി, പി.വി. ഫ്രാൻസിസ്, പി.സി. ജേക്കബ്, ബ്രദർ ചാക്കോ ചാക്കോ (പത്താഴക്കുഴിയിൽ) എന്നിവർ മണർകാട് ഇല്ലിവളവ് പര്യാത്ത് ബേബിയുടെ ഭവനത്തിൽ വച്ചു നടത്തിയ ചർച്ചയുടെയും പ്രാർത്ഥനയുടെയും അനന്തരഫലമായി 1991 ഓഗസ്റ്റ് 1-നു കോട്ടയം ജില്ലയിൽ കറുകച്ചാൽ കേന്ദ്രമാക്കി ഒരു ട്രസ്റ്റായി ഈ സംഘടന രജിസ്റ്റർ ചെയ്യപ്പെട്ടു. അതേ മാസം 24-നു വീണ്ടും പര്യാത്ത് ബേബിച്ചായന്റെ ഭവനത്തിൽ റവ. റ്റി.എസ്. പ്രേം കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്ഥാപക പ്രസിഡന്റ് റവ. മാത്യൂസ് ഇട്ടി ഇൻഡ്യാ റിവൈവൽ അസംബ്ലി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഈ സമ്മേളനത്തിൽ പാസ്റ്റർ കെ.പി മാത്യു മുഖ്യ സന്ദേശം നൽകുകയുണ്ടായി. പാസ്റ്റർ മാത്യൂസ് ഇട്ടി ഐ.ആർ.എയ്ക്കു വേണ്ടി വേർതിരിച്ച ചമ്പക്കരയിലുള്ള തന്റെ സ്വന്തം ഭവനമായ 'ഗ്രേയ്സ് ഭവൻ' ആയിരുന്നു ആരംഭ കാലഘട്ടങ്ങളിൽ സഭയുടെ ഓഫീസ്. കോട്ടയം ജില്ലയിലെ ഇല്ലിവളവ്, ചമ്പക്കര, വാഴൂർ 15-ാം മൈൽ, പത്തനംതിട്ട ജില്ലയിലെ ആനിക്കാട് (പുല്ലുകുത്തി) എന്നിവിടങ്ങളിലെ പ്രാർത്ഥനാ കൂട്ടായ്മകളുമായിട്ടായിരുന്നു ഐ.ആർ.എയുടെ തുടക്കം. ഈ കൂടിവരവുകളെല്ലാം ഭവനങ്ങളിലായിരുന്നു നടന്നിരുന്നത്. ദൈവകൃപയാൽ ഇന്ന് എല്ലാ സ്ഥലം സഭകൾക്കും സ്വന്തമായി സ്ഥലവും സഭാഹാളുകളുമുണ്ട്. കേരളത്തിൽ കോട്ടയം, പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിലും തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിലും കർണ്ണാടകത്തിലും ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും അമേരിക്കയിലും സഭകളും പ്രവർത്തനങ്ങളുമുള്ള ഒരു ആത്മീയ പ്രസ്ഥാനമായി ഇന്ത്യാ റിവൈവൽ അസംബ്ലി വളരുവാൻ ദൈവം സഹായിച്ചു. രണ്ടര പതിറ്റാണ്ടു പിന്നിടുന്ന ഈ യാത്രയിൽ പലവിധ പ്രതിസന്ധികളും പ്രതിബന്ധങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും വളരുമാറാക്കുന്ന ദൈവം ഇതുവരെയും കൈ പിടിച്ചു നടത്തി, ഇത്രത്തോളം കൊണ്ടുവന്നു. 25 വർഷം പിന്നിടുന്ന ഐ.ആർ.എ അതിന്റെ സിൽവർ ജൂബിലി നിറവിൽ 25-ാമത് ജനറൽ കൺവൻഷനും വിപുലമായ പരിപാടികളോടെ നടത്തുവാൻ സർവ്വശക്തൻ കൃപ നൽകി.

## ലക്ഷ്യങ്ങൾ

ഇന്ത്യയിൽ സുവിശേഷം എത്താത്ത ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ഐആർഎയുടെ മുഖ്യ ലക്ഷ്യം. മിഷനറിമാരെ പരിശീലിപ്പിക്കുന്നതിനായി ബൈബിൾസ്കൂൾ, ആതുരസ്ഥാപനങ്ങൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവയും ലക്ഷ്യങ്ങളിൽപ്പെടുന്നു. ഇവയിൽ പലതും നിലവിൽ നടത്തിക്കൊണ്ടുമിരിക്കുന്നു.

### ജീവകാരുണ്യ പ്രവർത്തനങ്ങൾ

വിവിധ പ്രയാസങ്ങളിലും ആവശ്യങ്ങളിലുമായിരിക്കുന്നവരെ സഹായിക്കുക എന്നതും ഐആർഎ ലക്ഷ്യങ്ങളിലൊന്നാണ്. രോഗികൾ, വിധവകൾ, വിവാഹ-വിദ്യാഭ്യാസ ആവശ്യങ്ങളിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർ, പ്രതിസന്ധികളിൽ സുവിശേഷ വേല ചെയ്യുന്ന മിഷനറിമാർ എന്നിങ്ങനെയുള്ളവരെ ഈ സംരംഭത്തിലൂടെ സഹായിക്കുന്നു. കന്യാകുമാരി ജില്ലയിലെ മേൽപ്പുറം ഐആർഎ സഭയുടെ ചുമതലയിൽ മേൽപ്പുറത്തും ബീഹാറിലെ പാറ്റ്നയിലും (താനാപ്പൂർ) ചിൽഡ്രൻസ് ഹോമുകൾ നടന്നുവരുന്നു.

## പുത്രികാ സംഘടനകൾ

### റിവൈവൽ യൂത്ത് മൂവ്മെന്റ്

സഭയിലെ യുവജനങ്ങളുടെ ആത്മീയ വളർച്ചയ്ക്കും അവരെ ക്രിസ്തുവിന്റെ 'നല്ല ഭടന്മാർ' (Good Soldiers of Christ) ആക്കുവാനുള്ള ലക്ഷ്യത്തോടെയും ആരംഭിച്ച യുവജനപ്രസ്ഥാനമാണ് റിവൈവൽ യൂത്ത് മൂവ്മെന്റ് (RYM). സുവിശേഷപ്രവർത്തനങ്ങൾ, താലന്തു പരിശോധന ക്യാമ്പുകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വി.ബി.എസുകൾ, ജീവകാരുണ്യ-സാമൂഹ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ആർ.വൈ.എം. നടത്തിവരുന്നു. പാസ്റ്റർ ഒ.എം. ജോർജ് (പ്രസിഡന്റ്), പാസ്റ്റർ ഷിബു ജോസഫ് ( സെക്രട്ടറി), ബാബു എം. ജോസഫ്, മനോജ് പാടിമൺ, ജെറിൻ എം.ഫ്രെഡി, ഷിജോ ജോൺ (കമ്മിറ്റിയംഗങ്ങൾ) എന്നിവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

### റിവൈവൽ വിമൻസ് മൂവ്മെന്റ്

സഭയിലെ സഹോദരിമാരുടെ ആത്മീയ ഉന്നമനം, സുവിശേഷവേലയിൽ സഹോദരിമാരുടെ സജീവ പങ്കാളിത്തം എന്നിവ ലക്ഷ്യമാക്കിയാണ് റിവൈവൽ വിമൻസ് മൂവ്മെന്റ് (RWM) പ്രവർത്തിക്കുന്നത്. സുവിശേഷപ്രവർത്തനങ്ങൾ, സെമിനാറുകൾ, ഉപവാസപ്രാർത്ഥനകൾ, ഭവനസന്ദർശനം, ആശുപത്രികളിൽ രോഗികളെ സന്ദർശിക്കുക, തൊഴിൽ പരിശീലന പരിപാടികൾ, ജീവകാരുണ്യ സേവനങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ

ചെയ്തു വരുന്നു. സിസ്റ്റേഴ്സ് ഷേർളി ജേക്കബ് (പ്രസിഡന്റ്), ജോയമ്മ സാബു (സെക്രട്ടറി), സൂസി ജോർജ് (ട്രഷറർ), അമ്പിളി, ശ്രീല സതീശൻ (കമ്മറ്റിയംഗങ്ങൾ), ഓമന ബാബു റ്റി.പി.പുരം, കുഞ്ഞുമോൾ സുരേന്ദ്രൻ പാടിമൺ, ഓമന ബാബു ആനിക്കാട് (പ്രതിനിധികൾ) എന്നിവർ നേതൃത്വം നൽകുന്നു.

### സണ്ടേസ്കൂൾ ബോർഡ്

കുട്ടികളെ ദൈവവചനത്തിൽ പരിജ്ഞാനമുള്ളവരാക്കുകയും അവരെ ആത്മീയ പാതയിൽ നയിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ റിവൈവൽ സണ്ടേസ്കൂൾ ബോർഡ് (RSB) പ്രവർത്തിക്കുന്നു. എല്ലാ പ്രാദേശിക സഭകളിലും സണ്ടേസ്കൂൾ നടന്നു വരുന്നു.

### ചിൽഡ്രൻസ് മിനിസ്ട്രി

കുട്ടികളുടെ ഇടയിലെ സുവിശേഷ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തിക്കുന്നു. കുട്ടികളുടെ ആത്മീയ വളർച്ചയ്ക്കു പ്രചോദനമാകുന്ന സെമിനാറുകൾ, താലന്തു പരിശോധന, ക്യാമ്പുകൾ, വി.ബി.എസുകൾ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

### മിഷൻ ബോർഡ്

സുവിശേഷീകരണം മുഖ്യ ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടതാണ് ഇവാഞ്ചലിസം മിഷൻ ബോർഡ്. പരസ്യയോഗങ്ങൾ, ഭവന സന്ദർശനങ്ങൾ, ഉപവാസപ്രാർത്ഥനകൾ, ലഹരി വിരുദ്ധ ബോധവൽക്കരണം, ചാരിറ്റബിൾ പ്രവർത്തനങ്ങൾ എന്നിവയും നടക്കുന്നു. പാസ്റ്റർമാരായ പി.സി. തോമസ് (പ്രസിഡന്റ്), സാബു.എം. ജോസഫ് (വൈസ് പ്രസിഡന്റ്), ജോബ് ചാക്കോ (സെക്രട്ടറി), ഒ.എം. ജോർജ് (ട്രഷറർ), ഷിബു ജോസഫ് (കോ-ഓർഡിനേറ്റർ) എന്നിവരടങ്ങുന്ന കമ്മറ്റി മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

### ലൈബ്രറി

വിശ്വാസികളുടെയും ശുശ്രൂഷകന്മാരുടെയും വായനാശീലം വളർത്തുകയും അവരെ ദൈവീക ശുശ്രൂഷകളിൽ പ്രാഗത്ഭ്യമുള്ളവരും പരിജ്ഞാനമുള്ളവരുമാക്കുക എന്ന ലക്ഷ്യത്തോടെയാണു ലൈബ്രറിയുടെ പ്രവർത്തനം.

## പ്രസിദ്ധീകരണം

### മാസിക

സഭാവാർത്തകൾ എല്ലാ വിശ്വാസികളിലും എത്തിക്കുവാൻ വേണ്ടിയും സഭയുടെ മുഖപത്രമായും തുടക്കം കുറിച്ച നാലു പേജുള്ള 'റിവൈവൽ വോയ്സ്' എന്ന വാർത്താ പത്രിക (ന്യൂസ് ലെറ്റർ) ആയിരുന്നു ആദ്യത്തെ പ്രസിദ്ധീകരണം. ആർ.എൻ.ഐ-പോസ്റ്റൽ രജിസ്ട്രേഷനുകൾ ലഭിച്ചതോടെ എട്ടു പേജാക്കി 'വോയ്സ് ഓഫ് റിവൈവൽ' എന്ന പേരിൽ മാസന്തോറും പ്രസിദ്ധീകരിച്ചു. ചില പ്രത്യേക കാരണങ്ങളാൽ പേരിനു വീണ്ടും മാറ്റം വരുത്തി 'ക്രിസ്റ്റ്യൻ ഫോക്കസ്' എന്ന പുതിയ പേരിൽ 2015 മുതൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. റവ. മാത്യൂസ് ഇട്ടി (മാനേജിംഗ് എഡിറ്റർ), പാസ്റ്റർ സാബു എം. ജോസഫ് (പബ്ലീഷർ), വർഗീസ് പി. ജോസഫ് (എഡിറ്റർ) എന്നിവർ നേതൃത്വം നൽകുന്നു.

### പുസ്തകം

റവ. മാത്യൂസ് ഇട്ടി എഴുതിയ സ്നേഹ സദ്യയിലെ പാറകൾ (യൂദാ ലേഖന വ്യാഖ്യാനം), മേശയിൽ നിന്നു വീണ അപ്പ നുറുക്കുകൾ (ലേഖന സമാഹാരം) എന്നീ രണ്ടു പുസ്തകങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ■

## മുഖദാവിൽ...

**രണ്ടര ദശാബ്ദങ്ങൾക്കു മുമ്പ് മാത്യൂസ് ഇട്ടി എന്ന ദൈവഭൃത്യനു ലഭിച്ച പ്രത്യേക ദൈവീക നിയോഗപ്രകാരം ആരംഭിച്ചതാണ് ഇൻഡ്യാ റിവൈവൽ അസംബ്ലി ദൈവസഭ. ഐ.ആർ.എ. സ്ഥാപക പ്രസിഡന്റ്, എഴുത്തുകാരൻ, പ്രസംഗകൻ, വേദാദ്ധ്യാപകൻ, സഭാശുശ്രൂഷകൻ എന്നീ നിലകളിൽ ഇൻഡ്യയിലും വിദേശരാജ്യങ്ങളിലും ശുശ്രൂഷ ചെയ്തു വരുന്ന അദ്ദേഹം സഭയുടെ സിൽവർ ജൂബിലി വേളയിൽ തന്റെ അനുഭവങ്ങൾ മാന്യവായനക്കാരുമായി പങ്കു വയ്ക്കുന്നു.... ഓർലാൻഡോ ഐപിസി സഭാംഗവും ഇന്റർനാഷനൽ ഗ്രേസ് മിനിസ്ട്രീസ് ഡയറക്ടർ ബോർഡ് അംഗവുമായ ബ്രദർ തോമസ് അലക്സാണ്ടർ റവ. മാത്യൂസ് ഇട്ടിയുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്....**



# അസംബ്ലി 25 വർഷം പിന്നിടുമ്പോൾ

(TRUST) Reg. No. (4)89/91, P.O. Box No. 10, Karukachal, Kottayam, Kerala-686540
Phone: 0481 2488449, E-mail: indiarevivalassemblyira@yahoo.com

**കുടുംബം, പശ്ചാത്തലം ആദിയായവ?**

പത്തനംതിട്ട ജില്ലയിൽ ആനിക്കാട് എന്ന ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. അഞ്ചു മക്കളിൽ ഇളയവനാണു ഞാൻ. അമ്മയും മൂത്ത സഹോദരിയുമാണ് ആദ്യം പെന്തക്കോസ്തു വിശ്വാസത്തിൽ വരുന്നത്. എന്നാൽ കുറെ വർഷങ്ങൾക്കു ശേഷമാണു പിതാവ് വിശ്വാസത്തിൽ വന്നത്. ആനിക്കാട് ഐ.പി.സി സഭയുടെ അടുത്തായിരുന്നു ഞങ്ങളുടെ ഭവനം. വളരെ ബാല്യപ്രായത്തിൽ തന്നെ പെന്തക്കോസ്തു പശ്ചാത്തലത്തിൽ വളരുവാൻ അവസരമുണ്ടായി. സഭയിലെ സണ്ടേസ്ക്കൂൾ, സഭായോഗം, ഇടയോഗങ്ങൾ, കാത്തിരിപ്പുയോഗങ്ങൾ, ബൈബിൾ ക്ലാസുകൾ, കൺവൻഷനുകൾ എന്നിവയിലെല്ലാം വളരെ സജീവമായി പങ്കെടുക്കുമായിരുന്നു. ഐ.പി.സിയുടെ ആരംഭകാല സഭകളിലൊന്നായിരുന്നു ആനിക്കാടു സഭ. ആ കാലയളവുകളിൽ പ്രസ്ഥാനത്തിന്റെ ആരംഭകാല നേതാക്കളുടെ സന്ദർശനവും ശുശ്രൂഷയും അനുഭവിച്ചറിയാനും ഇടയായിട്ടുണ്ട്. അവരിൽ പലരും ഞങ്ങളുടെ ഭവനത്തിൽ വിശ്രമിക്കുകയും രാപാർക്കുകയും ചെയ്തിട്ടുള്ളത് ആരംഭകാല പെന്തക്കോസ്തനുഭവം മനസ്സിലാക്കുന്നതിനുള്ള അവസരമായി കാണുന്നു.

### സുവിശേഷവേല ഒരു ദൗത്യമായി തിരഞ്ഞെടുക്കുവാൻ കാരണം?

വളരെ ചെറുപ്രായത്തിൽ തന്നെ അനേക ദൈവദാസന്മാരിൽ നിന്നും കർത്താവ് നിന്നെ ദൈവവേലയ്ക്കായി വിളിക്കുന്നു, കർത്താവിനു നിന്നെ വേണം എന്നൊക്കെ ദൂതുകൾ ലഭിച്ചിരുന്നു. എന്നാൽ ആ കാലഘട്ടങ്ങളിൽ പെന്തക്കോസ്തു പാസ്റ്റർമാർ അനുഭവിക്കുന്ന ത്യാഗങ്ങളും പട്ടിണിയും മനസ്സിലാക്കിയതുകൊണ്ട് സുവിശേഷവേല എനിക്കു വേണ്ട, എന്തെങ്കിലും ജോലി ചെയ്തു ജീവിക്കുകയും സുവിശേഷവേലയെ സഹായിക്കുകയും ചെയ്താൽ മതി എന്ന തീരുമാനമായിരുന്നു എനിക്കുണ്ടായിരുന്നത്. എന്നാൽ പ്രസംഗം എനിക്ക് ഒരു ആവേശമായിരുന്നു. ചെറുപ്രായത്തിൽ തന്നെ സ്വന്തം സഭയിലും പുറത്ത് പലയിടങ്ങളിലും കടന്നുപോയി ദൈവവചനം ശുശ്രൂഷിപ്പാൻ ദൈവദാസന്മാർ അവസരം നൽകിയിട്ടുണ്ട്. 1980 ഫെബ്രുവരി മാസം കേട്ട രണ്ടു ദൈവശബ്ദമാണു സുവിശേഷവേലയ്ക്കുള്ള സമർപ്പണത്തിലേക്കു എന്നെ നയിച്ചത്. 'എന്നോടു ചോദിച്ചുകൊൾക, ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും'. രാത്രി ഉറക്കത്തിൽ വ്യക്തമായി കേട്ട ശബ്ദമായിരുന്നു അത്. വീണ്ടും ഒരു ശബ്ദംകൂടി കേൾക്കുവാനിടയായി: 'അവൻ അരുളിച്ചെയ്തു അങ്ങനെ സംഭവിച്ചു, അവൻ കൽപ്പിച്ചു അങ്ങനെ സ്ഥാപിതമായി'. പലപ്പോഴായി ദൈവദാസന്മാരിൽ നിന്നും കേട്ട ദൂതുകളും തുടർന്നു കേട്ട ദൈവശബ്ദവും ദൈവം എന്നെ തന്റെ വേലയ്ക്കായി വിളിച്ചതാണെന്നുള്ള ഉത്തമ ബോധ്യം ഉണ്ടായതിനാൽ ഞാൻ ദൈവവേലയ്ക്കായി സമർപ്പിക്കുകയായിരുന്നു.



പാസ്റ്റർ മാത്യൂസ് ഇട്ടിയും പത്നി അന്നമ്മ ഇട്ടിയും മക്കളോടൊപ്പം. (ഇടത്തുനിന്ന്) നോയ, ഐശയ്യ, നിസ്സി (മകൾ), റ്റിജു (മരുമകൻ), നോബി (മകൻ), ഷീജ (മരുമകൾ) അബീഗയിൽ, ബഥേൽ



### ഒരു സണ്ടേസ്കൂളിൽ വച്ചാണല്ലോ രക്ഷിക്കപ്പെട്ടത്? ആ അനുഭവങ്ങൾ...?

ഓർമ്മവെച്ച നാൾ മുതൽ സണ്ടേസ്കൂളിൽ പോയിട്ടുണ്ട്. മാതാപിതാക്കളുടെ ഉപദേശങ്ങൾ ഒരു പരിധി വരെ സഭയും സണ്ടേസ്കൂളും ജീവിതത്തിന്റെ ഭാഗമായി മാറുവാൻ കാരണമയി. 1968 ഏപ്രിൽ മാസം 21-ാം തീയതി. അന്നൊരു ഞായറാഴ്ചയായിരുന്നു. പതിവു സണ്ടേസ്കൂൾ, മന:പ്പാഠവാക്യ പഠനം ഇവയൊക്കെ നടക്കുന്ന സമയം. എന്റെ സണ്ടേസ്കൂൾ അദ്ധ്യാപകനായിരുന്ന നൂറോമ്മാവ് പാണക്കുഴിയിൽ സമുവേൽ അച്ചായൻ, യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിലെ പ്രായശ്ചിത്ത യാഗവും പഴയനിയമത്തിലെ യാഗങ്ങളുമായി താരതമ്യ പഠനം നടത്തുകയായിരുന്നു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: കുഞ്ഞുങ്ങളെ, നാം എല്ലാവരും പാപത്തിൽ പിറന്നവരും പാപം ചെയ്യുന്നവരുമാണ്. പാപത്തിന്റെ ശമ്പളം മരണവും അവസാനം നരകവുമാണ്. എന്നാൽ യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ യാഗമായി. ആ യേശുവിൽ വിശ്വസിച്ച് നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞാൽ ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിച്ച് നമ്മെ ദൈവമക്കളാക്കും. നരകം മാറ്റി സ്വർഗ്ഗരാജ്യത്തിനവകാശം ലഭിക്കും. ഇതു കേട്ടപ്പോൾ എന്നോട് ആരോ പറയുന്നതുപോലെ തോന്നി, അത് വിശ്വസിക്കാനും അംഗീകരിപ്പാനും. ആ സമയം ഞാൻ എന്റെ കരം ഉയർത്തുകയും കണ്ണുനീരോടെ പാപം ഏറ്റുപറഞ്ഞ് യേശുവിനെ രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. ജീവിതത്തിൽ എടുത്തിട്ടുള്ള പല തീരുമാനങ്ങളും തെറ്റായിപ്പോയി എന്നെനിക്കു തോന്നിയിട്ടുണ്ട്. പല തെറ്റുകളും ചെയ്തു പോയിട്ടുണ്ട്. ചെയ്തതിനും പറഞ്ഞതിനും പലരോടും ക്ഷമ ചോദിച്ചിട്ടുണ്ട്. എന്നാൽ യേശുവിനെ എന്റെ രക്ഷകനും വീണ്ടെടുപ്പുകാരനുമായി സ്വീകരിച്ചത് തെറ്റായിപ്പോയി എന്ന് ഇതുവരെയും തോന്നിയിട്ടില്ല.

### പഠനം, വിദ്യാഭ്യാസം, ജോലി...?

പഠനത്തിൽ ഞാനും എന്റെ സഹോദരങ്ങളും മോശമായിരുന്നില്ല. ഭവനത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര മെച്ചമല്ലായിരുന്നതുകൊണ്ട് സഹോദരങ്ങൾക്കാർക്കും കോളജ് വിദ്യാഭ്യാസം ലഭിച്ചില്ല. അവരെല്ലാവരും എന്നെക്കാൾ സമർത്ഥരായിരുന്നുതാനും. എന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ എന്നെ കോളജിൽ അയച്ചു പഠിപ്പിക്കുവാൻ മാതാപിതാക്കൾക്കു അതിയായ ആഗ്രഹമുണ്ടായി. എന്നാൽ അതിനുള്ള സാമ്പത്തിക ശേഷി അവർക്കില്ലായിരുന്നു. അവരുടെ അതിയായ ആഗ്രഹം കൊണ്ട് വളരെ സമ്പന്ന നിലയിൽ ജീവിച്ചിരുന്ന ഞങ്ങളുടെ ഉപ്പാപ്പനെ (ബാറ്ററി കുഞ്ഞച്ചൻ) സമീപിക്കുകയും സഹായം ചോദിക്കുകയും ചെയ്തു. അങ്ങനെ എന്റെ ഉപ്പാപ്പന്റെയും കൊച്ചമ്മയുടെയും കാരുണ്യം കൊണ്ടാണ് ഞാൻ കോളജിൽ പഠിക്കാനിടയായത്. ഡിഗ്രി പഠനത്തിനിടയിൽ തന്നെ ഉപ്പാപ്പൻ നടത്തി വന്നിരുന്ന സ്ഥാപനത്തിൽ മെച്ചമായ ഒരു ജോലി എനിക്കു ലഭിച്ചു. അങ്ങനെ പഠനത്തോടൊപ്പം ജോലി ചെയ്തുമായിരുന്നു എന്റെ വിദ്യാഭ്യാസം പൂർത്തീകരിച്ചത്. 1992-ൽ ഞങ്ങൾ അമേരിക്കയിൽ എത്തുവാൻ ദൈവം അവസരം നൽകി. ഇപ്പോൾ ഫ്ളോറിഡയിൽ താമസിച്ചുകൊണ്ട് ശുശ്രൂഷയോടൊപ്പം അവിടെയുള്ള ഒരു Aerospace സ്ഥാപനത്തിൽ കഴിഞ്ഞ 20 വർഷമായി ജോലി ചെയ്തും വരുന്നു.

### സുവിശേഷവേലയിലെ ആദ്യനാളുകൾ, പ്രവർത്തനങ്ങൾ, ദൈവം നടത്തിയ വഴികൾ...?

സുവിശേഷവേലയ്ക്കു വിളിയുണ്ടായ സമയം ഞങ്ങൾ കറുകച്ചാലിനടുത്ത് ചമ്പക്കരയിലായിരുന്നു താമസമാക്കിയിരുന്നത്. അതുകൊണ്ട് ആദ്യത്തെ സുവിശേഷപ്രവർത്തനം സ്വന്തദേശത്തു തന്നെയായിരുന്നു. എന്റെ സഹോദരൻ പാസ്റ്റർ പി.എം. ഐപ്പും ഞാനും ഇരുവരും കുടുംബമായി സഹകരിച്ചുള്ള പ്രവർത്തനമായിരുന്നു ചെയ്തു വന്നത്. സഹോദരൻ പാസ്റ്റർ ഐപ്പിന്റെ ഭാര്യ സാറാമ്മ സുവിശേഷവേലയിൽ ഒരു മുന്നണിപ്പോരാളിയായിരുന്നു. അക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന ചമ്പക്കരയിലും പരിസരപ്രദേശങ്ങളിലും സുവിശേഷം അറിയിക്കുവാൻ ഞങ്ങൾക്കു ദൈവം കൃപ നൽകി.

ശേഷം 7-ാം പേജിൽ

# ബെഥേൽ ഗോസ്പൽ അസംബ്ലി ജനറൽ കൺവൻഷൻ

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലി 28-ാമത് ജനറൽ കൺവൻഷനും ദ്വിവത്സര കോൺഫറൻസും 2018 ജനുവരി 11 (വ്യാഴം) മുതൽ 14 (ഞായർ) വരെ പത്തനാപുരം ബെഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ആകമാനം പടർന്നു കിടക്കുന്ന സഭയുടെ ആയിരങ്ങൾ പങ്കെടുക്കുന്ന പത്തനാപുരത്തെ ഏറ്റവും വലിയ ആത്മീയ സംഗമം ആയ ഈ മഹായോഗത്തിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ ജനറൽ സെക്രട്ടറി പാസ്റ്റർ എം.ഒ.അനിയന്റെ നേതൃത്വത്തിൽ വിവിധ സെക്ഷൻ പ്രസ്ബിറ്റർമാരുടെ ചുമതലയിൽ നടന്നുവരുന്നു. സഭാ ഓവർസീയർ ഡോ.ജോയി പി. ഉമ്മൻ ഉത്ഘാടനം ചെയ്ത് ശുശ്രൂഷിക്കുന്നതോടൊപ്പം പാസ്റ്റർമാരായ ജോർജ്ജ് പി.ചാക്കോ, അനീഷ് ഏലപ്പാറ, ബിജു മാത്യു തുടങ്ങിയവർ രാത്രി യോഗങ്ങളിലും, ശനിയാഴ്ച രാവിലെ 10 മുതൽ നടക്കുന്ന പ്രത്യേക യോഗത്തിൽ പാസ്റ്റർ ടിനു ജോർജ്ജും (കൊട്ടാരക്കര) ദൈവവചന പ്രഘോഷണം നിർവ്വഹിക്കും. ' നാലു സുവിശേഷങ്ങളിൽ ക്രിസ്തു' എന്നതാണ് കൺവൻഷൻ ചിന്താവിഷയം വ്യാഴാഴ്ച രാവിലെ 10.30-ന് ശുശ്രൂഷകന്മാരുടെ കുടുംബ സമ്മേളനത്തോടെ ആരംഭിക്കുന്ന യോഗം ഞായറാഴ്ച സഭായോഗത്തോടും കർത്തൃമേശയോടും കൂടി സമാപിക്കും. പകൽ മീറ്റിംഗുകളിൽ പാസ്റ്റർമാരായ അലക്സാണ്ടർ ഉമ്മൻ, സി.കെ. മാത്യു, മിസ്സിസ് ഗ്രെയ്സ് ഉമ്മൻ, ഏ.ജെ. ചാക്കോ, എം.ഒ. അനിയൻ, പി.റ്റി.മാത്യു, തുടങ്ങിയവർ ശുശ്രൂഷിക്കും. രാത്രിയോഗങ്ങളെ കൂടാതെ ബൈബിൾ ക്ലാസ്, ശുശ്രൂഷക സമ്മേളനങ്ങൾ, സ്നാനം, സഹോദരീസമ്മേളനം, സണ്ടേസ്കൂൾ - യുവജന സമ്മേളനം തുടങ്ങിയവയും നടക്കും. സഹോദരീ സമ്മേളനത്തിന് വത്സമ്മ മാത്യു, സൂസൻ അനിയൻ, ഏലിയാമ്മ ജോർജ്ജ് എന്നിവരും യുവജന മീറ്റിംഗുകൾക്ക് പാസ്റ്റർമാരായ ബിജു മാത്യു, ഷിജു സി.ആർ, ബോവസ്, രാജീവ് തുടങ്ങിയവരും നേതൃത്വം നൽകും. സുവി.കെ.പി.രാജൻ നയിക്കുന്ന ബേർശേബാ വോയ്സ് (കോട്ടയം) ഈ യോഗങ്ങളിൽ സംഗീത ശുശ്രൂഷ നിർവ്വഹിക്കും.


# പെന്തെക്കോസ്തുകാരുടെ സ്നാനം ശരിയെന്നു കത്തോലിക്കാസഭ

**തേവര:** പെന്തെക്കോസ്തുവിഭാഗങ്ങൾ നൽകുന്ന മാമോദിസ സാധുവാണെന്നും മാമ്മോദിസാ സ്വീകരിക്കുന്ന വ്യക്തി പാപത്തിൽ മരിച്ച് ക്രിസ്തുവിനോട് ഐക്യപ്പെടുന്നുവെന്ന പഠിപ്പിക്കൽ ശരിയാണെന്നും സീറോ മലബാർ എപ്പിസ്കോപ്പൽ ട്രിബ്യൂണൽ പ്രസിഡന്റ് ഡോ. ജോസ് ചിറമേൽ. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ സത്യദീപത്തിൽ സംശയങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. പെന്തെക്കോസ്തു വഭാഗക്കാർ നൽകുന്ന മാമ്മോദിസ സാധുവാണ്. മാമ്മോദിസയുടെ അവസരത്തിൽ അവർ ഉപയോഗിക്കുന്ന ത്രിത്വൈക ഫോർമുല ശരിയായിട്ടുള്ളതാണ്. മാമ്മോദിസയുടെ ഫലദായകത്തെക്കുറിച്ചുള്ള അവരുടെ പ്രബോധനവും ശരിയായിട്ടുള്ളതു തന്നെ. മാമ്മോദിസ സ്വീകരിക്കുന്ന വ്യക്തി പാപത്തിൽ മരിച്ച് ക്രിസ്തുവിനോട് ഐക്യപ്പെടുന്നുവെന്ന് അവരും പഠിപ്പിക്കുന്നു. തന്മൂലം പെന്തെക്കോസ്തു വിഭാഗങ്ങൾ നൽകുന്ന മാമ്മോദിസ സാധുവായി കണക്കാക്കാവുന്നതാണ്. ഡോ. ജോസ് ചിറമേൽ പറഞ്ഞു.

കവിത

## സ്നേഹ കരസ്പർശം

സ്നേഹിതാ, നിൻ ആർദ്രതയുടെ ഹൃദയദീപങ്ങളാൽ
നിറയ്ക്കൂ ഇരുളിൽ വസിക്കും നിൻ സ്നേഹിതൻ ഹൃദയം
അവനുടെ കെടാൻ വെമ്പി നിൽക്കുന്ന തിരിനാളങ്ങളെ
ജ്വലിപ്പിക്കൂ നിന്നിലെ സ്നേഹത്തിൻ വിശുദ്ധ തൈലത്താൽ
സ്വർഗ്ഗീയ ചിറകുമായി സ്നേഹം പകർന്നു നൽകും മാലാഖയായി
തീർക്കുക നിൻ ജീവിതത്തെ സോദരാ
തിരിച്ചറിയുക ആത്മീയാനന്ദത്തിൻ നിമിഷങ്ങളെ
ജീവിതസാഗര യാത്രയിൽ ഇരുളാർന്ന വഴിയോരങ്ങളിൽ
വഴിവിളക്കുപോൽ തെളിക്കുക നിന്നിൽ നിക്ഷിപ്തമാം
പ്രകാശത്തിൻ കിരണങ്ങളെ
അന്ത്യനാളുകളിൽ അവസാനചുവടു നീ വയ്ക്കുമ്പോൾ
കേൾക്കാനാകുമോ വിദൂരതയിൽ നിന്നും നിന്നെ
വരവേൽക്കാനൊരുങ്ങുന്ന ദൂതന്മാരുടെ
ദിവ്യസംഗീതത്തിൻ പ്രതിധ്വനികൾ
സോദരാ, ലൗകീകമാം ജീവിതത്തിൽ നീ
കൊടുത്ത സ്നേഹകരസ്പർശനത്താലൊരുവനെ
ക്രിസ്തുവിനായ് നീ നേടിയില്ലെങ്കിൽ
ഈ ലോകവാസത്തിൽ നിൻ ജീവിതത്തിനൊരർത്ഥം
നേടാൻ നിനക്കായില്ലെങ്കിൽ സ്വർഗ്ഗീയ മാലാഖമാരുടെ
സ്നേഹകരലാളനം കൈത്താങ്ങലാകുമോ
നിൻ നിത്യതയിൻ പ്രവേശന കവാടത്തിങ്കൽ...?



ബെറ്റി പി. ബാബു

# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

**കൊച്ചി:** പാലാരിവട്ടം കേന്ദ്രമായി പ്രവർത്തിക്കുന്ന ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ജനുവരി 10 മുതൽ 14 വരെ പാലാരിവട്ടം ബൈപാസ് ജംഗ്ഷനു സമീപം എക്ളീസിയ ക്യാമ്പസിലെ സി.ഒ.ജി പാരീഷ് ഹാളിൽ നടക്കും. പ്രസിഡന്റ് റവ. ജോൺസൺ തരകൻ ഉദ്ഘാടനം ചെയ്യും. റവ.ടി.ജെ. സാമുവേൽ, റവ. ബി.വർഗീസ്, വിൻസന്റ് ചാർളി (ജില്ലാ ജഡ്ജ്, മലപ്പുറം), റവ. ജോൺസൺ തരകൻ എന്നിവർ പ്രസംഗിക്കും. ബൈബിൾ ക്ലാസ്, വിവിധ സെമിനാറുകൾ, സഹോദരീ-യുവജന സമ്മേളനങ്ങൾ, ഏഷ്യൻ ബൈബിൾ കോളജ് ബിരുദദാനം, സണ്ടേസ്കൂൾ കോൺഫറൻസ്, സ്നാനം, കർതൃമേശ എന്നിവയും ഉണ്ടായിരിക്കും.

# നേർരേഖ സംവാദം

**മുളക്കുഴ:** വൈ.പി.ഇയുടെ സംസ്ഥാന ക്യമ്പിനോടനുബന്ധിച്ചു ഡിസംബർ 26-നു പുത്തൻകാവ് എസ്.ബി.എസ് ഓഡിറ്റോറിയത്തിൽ നേർരേഖ എന്ന പേരിൽ സംവാദം സംഘടിപ്പിക്കുന്നു. ആധുനിക തലമുറ നേരിടുന്ന നിരവധി സംശയങ്ങൾക്കുള്ള കൃത്യമായ മറുപടിയാണ് നേർരേഖയിലൂടെ നൽകുന്നത്. പാസ്റ്റർ ജെയ്സ് പാണ്ടനാട് മോഡറേറ്ററാകുന്ന സംവാദത്തിൽ പാസ്റ്റർമാരായ ഷൈജു തോമസ് ഞാറയ്ക്കൽ, ഷിബു കെ. മാത്യു, ജോൺസൺ ദാനിയേൽ, സാം ഇളമ്പൽ, ജിബിൻ പൂവക്കാല തുടങ്ങിയവർ സംശയങ്ങൾക്കു മറുപടി നൽകും.

# വനിതാ സെമിനാർ

**തിരുവല്ല:** എടത്വ, തലവടി, നിരണം എന്നീ സ്ഥലങ്ങളിലെ പെന്തക്കോസ്ത് സഭകളിലെ സഹോദരിമാരുടെ ഐക്യ കൂട്ടായ്മയായ യുണൈറ്റഡ് പെന്തക്കോസ്തൽ വിമൻസ് ഫെലോഷിപ് സെമിനാർ നവംബർ 9-ന് ഐപിസി പവർലാന്റ് സഭയിൽ നടന്നു. സിസ്റ്റർ ഗിരിജ സാം ക്ലാസ്സെടുത്തു.

# ബാംഗ്ലൂർ മലയാളി പെന്തക്കോസ്ത് കൺവൻഷൻ

**ബെംഗളൂരു:** ബെംഗളുരുവിലെ 11-ാമത് പെന്തക്കോസ്ത് ഐക്യ കൺവൻഷൻ ഡിസംബർ 8 മുതൽ 10 വരെ ഹെന്നൂർ എച്ച്.ബി.ആർ ലേഔട്ട്, സിറ്റി ഹാർവെസ്ററ് എ.ജി ചർച്ച് ഹാളിൽ നടക്കും. ഐപിസി കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ എബി അയിരൂർ, പാസ്റ്റർ ജെൻസൻ ജോയ് എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.

# ഉപവാസ പ്രാർത്ഥന

**മാവേലിക്കര:** പരിമണം ശാരോൻ ഫെല്ലോഷിപ് ചർച്ചിൽ ഡിസംബർ 28-30 വരെ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർ സാം ടി മുഖത്തല, പാസ്റ്റർ ബിനു ഡൊമിനിക്, സിസ്റ്റർ ലിസാമോൾ സുബി തുടങ്ങിയവർ പ്രസംഗിക്കും. പാസ്റ്റർ ജെ പി വെണ്ണിക്കുളം ശുശ്രുഷകൾക്കു നേതൃത്വം നൽകും.

# താബോർ ആശ്വാസ ഭവൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും



**തിരുവനന്തപുരം:** തിരുവനന്തപുരം ഐപിസി താബോർ സഭയുടെ സുവർണ്ണ ജൂബിലി പ്രോജക്ടായ താബോർ ചാരിറ്റബിൾ സൊസൈറ്റിയുടെ ആശ്വാസ ഭവൻ ജനുവരി 8-നു രാവിലെ 9ണിക്കു മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പേട്രൻ പാസ്റ്റർ വത്സൻ ഏബ്രഹാം സമർണ ശുശ്രൂഷ നിർവഹിക്കും. തിരുവനന്തപുരം മെഡിക്കൽ കോളജ്, ശ്രീ ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, റീജിയണൽ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിൽ ചികിത്സക്കായി എത്തുന്ന നിർധനരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആഴ്ചകളോളം പട്ടണത്തിൽ താമസിക്കേണ്ടി വരുന്നു. വലിയ ആശുപത്രി ചെലവുകളോടൊപ്പം താമസം, ഭക്ഷണം എന്നിവയും താങ്ങാനാവാത്ത ചെലവാകുന്നു. ഇങ്ങനെയുള്ള നിർധനരായ കുറച്ചുപേർക്കെങ്കിലും താമസ സൗകര്യവും ഭക്ഷണവും നൽകുകയാണ് താബോർ ആശ്വാസ ഭവന്റെ സ്ഥാപിത ലക്ഷ്യം. ആധുനിക സമൂഹത്തിൽ പാർക്കാനിടമില്ലാതെ അലയുന്ന വൃദ്ധരും നിരാലംബരുമായ ധാരാളം പേരുണ്ട്. പല കാരണങ്ങളാൽ ഒറ്റപ്പെട്ടു പോകുന്ന വൃദ്ധമാതാപിതാക്കൾക്കും അവരുടെ ജീവിത സായാഹ്നത്തിൽ ആശ്വാസകരമായ സംരക്ഷണവും ക്രമീകൃതമായ ആരോഗ്യ പരിചരണവും അനുബന്ധ സൗകര്യങ്ങളും നൽകുന്നതും ആശ്വാസ ഭവന്റെ ലക്ഷ്യമാണ്. തികഞ്ഞ ആത്മീയ അന്തരീക്ഷത്തിൽ അവർക്കു ശരീരത്തിനും മനസ്സിനും ആത്മാവിനും പ്രചോദനപ്രദമായ കൗൺസലിംഗ്, പ്രാർത്ഥന, ഭക്ഷണം എന്നിവ നൽകാൻ ആശ്വസ ഭവനിൽ സൗകര്യമുണ്ട്. മേൽപ്പറഞ്ഞ ആശുപത്രികൾക്കു സമീപം ബോട്ട് ക്ലബ് ജംഗ്ഷൻ-കുമാരപുരത്താണു താബോർ ആശ്വാസ ഭവൻ. ജി.ഐസക് സെക്രട്ടറിയായും പാസ്റ്റർ എം.ജി. ജോൺ വൈസ് പേട്രനായും പി. ജോർജ് പ്രസിഡന്റായും പ്രവർത്തിക്കുന്നു.

# യൂത്ത് ക്യാമ്പ്

**വയനാട്:** പി.വൈ.പി.എ വയനാട് സെന്ററിന്റെയും ദി അനോയ്ന്റഡ് ജനറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ വടുവൻചാൽ ഐപിസി ചർച്ച് ഹാളിൽ ജനുവരി 27-ന് സീറോ ഗ്രാവിറ്റി-2018 ഏകദിന യുവജനക്യാമ്പ് നടക്കും. പാസ്റ്റർമാരായ സെബാസ്റ്റ്യൻ കെ. ദേവസ്യ, സജി കെ. മാത്യു എന്നിവർ ക്ലാസുകൾ നയിക്കും. ജോയൽ പടവത്ത് & ടീം ഗാന ശുശ്രൂഷ നിർവഹിക്കും. പി.വൈ.പി.എ. വയനാട് ഡിസ്ട്രിക്റ്റ് പ്രസിഡന്റ് പാസ്റ്റർ സിജോ മീനങ്ങാടി, സെക്രട്ടറി ബ്രദർ ജോഷി എന്നിവർ നേതൃത്വം നൽകുന്നു. ഫോൺ:9526142003, 9497319605.

# അഗപ്പെ ഗോസ്പൽ മിഷൻ ജനറൽ കൺവൻഷൻ

**നിലമ്പൂർ:** അഗപ്പെ ഗോസ്പൽ മിഷൻ 23-ാമത് ജനറൽ കൺവൻഷൻ ജനുവരി 24 മുതൽ 28 വരെ നിലമ്പൂർ അഗപ്പെ ഹിൽസിൽ നടക്കും. മിഷൻ പ്രസിഡന്റ് പാസ്റ്റർ പി. എം. അലക്സാണ്ടർ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ അജി ഐസക്, കെ.ജെ. തോമസ് കുമളി, അനിൽ കൊടിത്തോട്ടം, പി.ജെ. ചാക്കോ കുമളി, ജോയി പാറയ്ക്കൽ (മിഷൻ ഡയറക്ടർ), ജോസഫ് ഇടക്കാട്ടിൽ (ജനറൽ സെക്രട്ടറി) എന്നിവർ പ്രസംഗിക്കും. എ.ജി.എം ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. ഫോൺ: 9995486642, 9809970269.

# പെന്തക്കോസ്തൽ ഫെലോഷിപ് ഓഫ് കുവൈറ്റ്

**കുവൈറ്റ്:** നാഷനൽ ഇവാഞ്ചലിക്കൽ ചർച്ചിന്റെ കുടക്കീഴിലുള്ള 19 പെന്തക്കോസ്തു സഭകളുടെ ഐക്യ വേദിയായ യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ്പ് ഓഫ് കുവൈറ്റ് (യു.പി.എഫ്.കെ.) രണ്ടാമത് വാർഷിക ജനറൽ ബോഡി ഡിസംബർ 1-ന് ഐപിസി കുവൈറ്റ് സഭാ ഹാളിൽ നടന്നു. ജനറൽ സെക്രട്ടറി മാത്യു ദാനിയേൽ അധ്യക്ഷത വഹിച്ചു. പുതിയ ഭാരവാഹികളായി പ്രോഗ്രാം കൺവീനർ പാസ്റ്റർ ജോസഫ് മാത്യു, ജനറൽ കൺവീനർ ഷാജി തോമസ്, സെക്രട്ടറി ജിജി എം. തോമസ്, ജോ.സെക്രട്ടറി ഷിബു വി. സാം, ട്രഷറർ റെജി റ്റി. സ്കറിയ, ജോ.ട്രഷറർറെജി ബേബിസൺ, ഓഡിറ്റർ എം.എം മാത്യു, ഉപദേശക സമിതിയംഗങ്ങളായി റോയി കെ. യോഹന്നാൻ, മാത്യു ഡാനിയേൽ എന്നിവരെ തിരഞ്ഞെടുത്തു.

# പെന്തക്കോസ്തു ദൈവസഭ കൺവൻഷൻ

**മാവേലിക്കര:** തഴക്കര കേന്ദ്രമായി പ്രവർത്തിക്കുന്ന പെന്തക്കോസ്തു ചർച്ച് ഓഫ് ഗോഡ് സഭയുടെ 66-ാമത് ജനറൽ കൺവൻഷൻ ഡിസംബർ 20 മുതൽ 24 വരെ തഴക്കര ഫെലോഷിപ് സെന്ററിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ അലക്സാണ്ടർ പി. ദാനിയേൽ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ജോയ് പാറയ്ക്കൽ, സുഭാഷ് കുമരകം, പി.കെ. ജെയ്സൺ, പി.സി. മാത്യു എന്നിവർ പ്രസംഗിക്കും. പുതിയതായി പണിത അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ ഉദ്ഘാടനവും നടക്കും. പാസ്റ്റർ പി.സി. മാത്യു ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

# കോയമ്പത്തൂരിൽ 10 ക്രൈസ്തവ ആരാധനാലയങ്ങൾക്ക് സ്റ്റോപ്പ് നോട്ടീസ്

**കോയമ്പത്തൂർ:** തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ 10 ക്രൈസ്തവ ആരാധനാലയങ്ങൾക്ക് കഴിഞ്ഞ 2 മാസമായി ആരാധന നടത്തുന്നതിന് വിലക്കേർപ്പെടുത്തിയിരിക്കുകയാണെന്ന് റിപ്പോർട്ട്. കലക്ടറുടെ ഓഫീസിൽ നിന്ന് ഉത്തരവ് കിട്ടുന്നതു വരെ ആരാധനകൾ നടത്തുവാൻ പാടില്ലെന്നാണ് ഉത്തരവ്. സംഭവം ആസൂത്രിതമെന്ന് ആരോപണമുണ്ടായതിനെ തുടർന്ന് 500ൽ അധികം വിശ്വാസികൾ ആരാധനകൾക്ക് ആരാധനാലയം തുറന്നു കിട്ടണമെന്ന് ആവശ്യപ്പെട്ട് സബ് കളക്ടറുടേയും പോലീസ് സൂപ്രണ്ടിന്റെയും ഓഫീസുകൾക്കു മുമ്പിൽ പ്രതിഷേധ യോഗം സംഘടിപ്പിച്ചിരുന്നു. എന്നാൽ സമരക്കാരുടെ ആവശ്യങ്ങൾ പോലീസ് നിഷേധിക്കുകയായിരുന്നു. തീവ്ര വർഗ്ഗീയ സംഘങ്ങളുടെ സമ്മർദ്ദം മൂലമാണ് അധികാരികൾ ക്രൈസ്തവ ആരാധനാലയങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയതെന്നാണ് ആക്ഷേപം. ക്രൈസ്തവ സമൂഹത്തിനു നേരെയുള്ള ആസൂത്രിത നീക്കമാണിതെന്ന് പെന്തെക്കോസ്തൽ ചർച്ച് സിനഡ് പ്രസിഡന്റ് ജോൺസൺ സത്യനാഥൻ ആരോപിച്ചു. സർക്കാരിന്റെ അനുമതി വാങ്ങി ഇനി ഈ ആരാധനാലയങ്ങൾ തുറക്കാൻ ഏറെ സമയം എടുത്തേക്കാം എന്നും അദ്ദേഹം പറയുന്നു. ഇതേ രീതിയിൽ മറ്റ് 20ഓളം ആരാധനാലയങ്ങൾക്ക് കൂടി പരാതി നൽകിയിട്ടുണ്ടെന്നും അവയും അടച്ച് പൂട്ടൽ ഭീഷണി നേരിടുകയാണെന്നും പറയുന്നു.

## ഐക്യ കൺവൻഷൻ

**പെരുമ്പാവൂർ:** പെരുമ്പാവൂരിലെ പെന്തക്കോസ്തു സഭകളുടെ സംയുക്ത കൺവൻഷൻ ഡിസംബർ 12 മുതൽ 14 വരെ മുൻസിപ്പൽ സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർമാരായ കെ.ജെ. തോമസ്, എബി അയിരൂർ, എബി ഏബ്രഹാം എന്നിവർ പ്രസംഗിക്കും.

## ഡിസ്ട്രിക്ട് കൺവൻഷൻ

വയനാട്: ഐപിസി വയനാട് ഡിസ്ട്രിക്ട് കൺവൻഷൻ ഫെബ്രുവരി 8 മുതൽ 11 വരെ മീനങ്ങാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും. പാസ്റ്റർ തോമസ് തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഷിബു തോമസ്, അനീഷ് ഏലപ്പാറ, ബിനു ആലുംമൂട്ടിൽ, അലക്സ് വെട്ടിക്കൽ എന്നിവർ പ്രസംഗിക്കും. ഗ്ലോറിഫൈ ഗോസ്പൽ മെലഡി-കോഴിക്കോട് ഗാനശുശ്രൂഷ നിർവഹിക്കും.

## MATRIMONY

റോമൻ കത്തോലിക്കാ സഭയിൽ നിന്നും വിശ്വാസത്തിൽ വന്ന (16 വർഷം) പെന്തക്കോസ്തു യുവതി 25, B.Tech, 5'3", വെളുത്ത നിറം, ആഭരണം ധരിക്കും. മാതാപിതാക്കളോടൊപ്പം വയനാട്ടിൽ താമസിക്കുന്നു. ജോലിയുള്ള അനുയോജ്യരായ പെന്തക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9526999275

# മേരി കോവൂർ നിത്യതയിൽ



**തിരുവല്ല:** പ്രസിദ്ധ സുവിശേഷ പ്രഭാഷകയും കൺവൻഷൻ വേദികളിലെ സ്ത്രീ ശബ്ദവുമായിരുന്ന സിസ്റ്റർ മേരി കോവൂർ (കുഞ്ഞുമോൾ-85) കർതൃസന്നിധിയിൽ പ്രവേശിച്ചു. കാവുംഭാഗം ദൈവസഭയുടെ സ്ഥാപകൻ പാസ്റ്റർ കുരുവിള കോവൂരിന്റെ (ബാവച്ചൻ) ഭാര്യയാണ്. അര നൂറ്റാണ്ടിലധികം സുവിശേഷ പോർക്കളത്തിൽ നിറഞ്ഞു നിന്ന മേരി കോവൂർ തന്റെ വിശ്വാസ ജീവിതത്തിന്റെ ഓട്ടം തികച്ച് 2017 ഡിസംബർ 2 ശനിയാഴ്ച രാവിലെ 11 മണിയോടെയാണ് താൻ പ്രിയം വെച്ച കർതൃസന്നിധിയിലേക്കു ചേർക്കപ്പെട്ടത്. 18 വർഷങ്ങൾക്കു മുമ്പു ഹൃദയസംബന്ധമായ രോഗം അലട്ടുകയും പക്ഷാഘാതം ഉണ്ടാകുകയും ചെയ്തതോടെ വിശ്രമജീവിതം നയിക്കുകയായിരുന്നു. സംസ്കാരം ഡിസംബർ 7-ന് ദൈവസഭയുടെ കറ്റോട് സെമിത്തേരിയിൽ നടന്നു. 1970-1990 കാലഘട്ടങ്ങളിൽ പെന്തക്കോസ്തു കൺവൻഷൻ വേദികളിലെ നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു മേരി കോവൂർ. മാവേലിക്കര ചെറുകോൽ തുണ്ടയ്യത്ത് റ്റി.റ്റി മത്തായി സാറിന്റെ മകളായി സി.എസ്. ഐ കുടുംബത്തിലാണു ജനനം. അഞ്ചാം വയസ്സിൽ രക്ഷിക്കപ്പെട്ടു. ബിരുദം നേടിയ ശേഷം സ്കൂൾ അദ്ധ്യാപികയായി ജോലി ചെയ്യവെ ദൈവവിളി കേട്ട് ജോലി രാജി വെച്ച് പൂർണ്ണസമയ സുവിശേഷ വേലയ്ക്കു വേണ്ടി ഇറങ്ങി. തൃശൂരിലുള്ള സിസ്റ്റർ സാറാമ്മയുടെ ബഥേൽ ആശ്രമത്തിലേക്കാണു പോയത്. സ്ത്രീകൾക്കിടയിലെ ആത്മീയ പ്രവർത്തനങ്ങൾക്കൊപ്പം ദൈവവചനം ശക്തമായി പ്രസംഗിക്കുന്നതിനുള്ള ദൈവകൃപയും ലഭിച്ചു. സ്നാനപ്പെടുകയും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയുമൊക്കെ ചെയ്തെങ്കിലും സി.എസ്.ഐ. സഭയിൽ തന്നെ നിന്നിരുന്നതിനാൽ വിവാഹം സി.എസ്.ഐ പള്ളിയിലാണു നടന്നത്. കോവൂർ കുടുംബം മർത്തോമ്മാ സഭക്കാരായിരുന്നു. വിശ്വാസ സ്നാനമേറ്റതോടെ സഭയിൽ നിന്നുള്ള എതിർപ്പ് രൂക്ഷമായി. എങ്കിലും ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നതിനുള്ള താൽപര്യം വർദ്ധിച്ചതോടെ അവർ രണ്ടുപേരും കൂടി കോവൂർ ഭവനത്തിലെ ഒരു മുറിയിൽ സഭായോഗം ആരംഭിച്ചു. ഇതാണു കാവുംഭാഗം ദൈവസഭ. മേരി കോവൂർ തന്റെ ജീവിതാനുഭവങ്ങളെക്കുറിച്ച് 'അനുഭവിച്ചറിഞ്ഞ ദൈവകൃപ' എന്നൊരു പുസ്തകമെഴുതിയിട്ടുണ്ട്. അമേരിക്ക, ഗൾഫ്, യു.കെ. ഉൾപ്പടെ വിവിധ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. മകന്റെ തലയ്ക്കുണ്ടായ രോഗാവസ്ഥ തന്റെ ശുശ്രൂഷയ്ക്കു ഒരു വെല്ലുവിളിയാകുമോ എന്നു ഭാരപ്പെട്ടെങ്കിലും ദൈവം അത്ഭുത വിടുതൽ നൽകുകയും മകനെ പ്രമുഖ ന്യൂറോ സർജനായി (ക്രിൻസ് ഹോസ്പിറ്റൽ, തൃശൂർ) ഉയർത്തുകയും ചെയ്തു. തൃശൂർ ദൈവസഭയുടെ പാസ്റ്റർ കൂടിയാണു ഡോ. ജോർജ് കോവൂർ. മററു മക്കൾ: സാറാ ജോർജ് (യുഎസ്എ). മരുമക്കൾ: സ്വപ്ന കോവൂർ, ഡോ.എ.കെ.ജോർജ് (കാർഡിയോളജിസ്റ്റ്-യുഎസ്എ).

## നിത്യതയിൽ



രാജു വർഗ്ഗീസ് ജോർജ്ജ്

**കൊച്ചി:** കൊട്ടാരക്കര കണ്ടത്തിൽ രാജു വർഗ്ഗീസ് ജോർജ്ജ് (63) നവംബർ 24ന് ആസ്ട്രേലിയയിൽ വച്ച് കർതൃസന്നിധിയിൽ പ്രവേശിച്ചു. സംസ്കാരം ഡിസംബർ 2ന് സുവാർത്താസഭയുടെ ആഭിമുഖ്യത്തിൽ നടന്നു.നാഷണൽ ബാങ്ക് ഓഫ് അബുദാബിയിൽ ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ: വൽസ രാജു ജോർജ്ജ്. മക്കൾ: സ്മിതു, റോണിയ, ആൻജല. മരുമക്കൾ: സുജിത് മാത്യു, ഡെനി ജോർജ്ജ്.

## ബഥേൽ ഫെല്ലോഷിപ്പ് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

നെടുങ്ങാടപ്പള്ളി : നെടുങ്ങാടപ്പള്ളി ബഥേൽ ഫെല്ലോഷിപ്പ് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഡിസംബർ 28-31 വരെ ബഥേൽ ഓഡിറ്റോറിയത്തിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ റെജി കുമ്പഴ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ എബി ഏബ്രഹാം, അനീഷ് കാവാലം, റെജി ശാസ്താംകോട്ട തുടങ്ങിയവർ പ്രസംഗിക്കും. ബഥേൽ ക്വയർ ഗാനങ്ങൾ ആലപിക്കും. കൺവൻഷനോടനുബന്ധിച്ച് പകൽ യോഗങ്ങളും സണ്ടേസ്കൂൾ യുവജനസമ്മേളനങ്ങളും ഉണ്ടായിരിക്കും. ഞായറാഴ്ച പൊതുസഭായോഗം ഉണ്ടായിരിക്കും.

## മുഖദാവിൽ... 5-ാം പേജിൽനിന്നും തുടർച്ച

തുടർന്ന് കേരളത്തിലെ പലയിടങ്ങളിലും തമിഴ്നാട്ടിൽ തെക്കൻ തിരുവിതാംകൂറിലെ ഒട്ടുമിക്ക സ്ഥലങ്ങളിലും സഞ്ചരിച്ചു കൺവൻഷനുകളിൽ ശുശ്രൂഷിപ്പാനും സുവിശേഷപ്രവർത്തനങ്ങൾ ചെയ്യുവാനും ദൈവം അവസരം നൽകി. അതിനു മുഖാന്തിരമായി തീർന്നത് വാഴൂരിലെ പാസ്റ്റർ എം.എം. ചാക്കോ സാർ ആയിരുന്നു. അദ്ദേഹവുമായുള്ള സഹകരണംകൊണ്ട് ഫുൾ ഗോസ്പൽ ഇൻഡിപ്പെൻഡന്റ് ചർച്ച് എന്ന പ്രസ്ഥാനത്തിൽ പ്രവർത്തിക്കാനിടയായി. ജോയിന്റ് സെക്രട്ടറിയായി ചില നാളുകളും തുടർന്ന് ജനറൽ സെക്രട്ടറിയായി ദീർഘ വർഷങ്ങളോളം സേവനമനുഷ്ഠിച്ചു. ഭാരതത്തിന്റെ പല സംസ്ഥാനങ്ങളിലും കടന്നുപോയി ശുശ്രൂഷിപ്പാൻ അതൊരു മുഖാന്തിരമായി. ദൈവ വിളി ലഭിച്ചപ്പോൾ ദൈവം വാഗ്ദത്തം നൽകിയതുപോലെ തന്നെ അനേകം ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലായി 40-ൽ അധികം സ്ഥലങ്ങളിൽ സ്ഥലം വാങ്ങുവാനും ആരാധനാലയങ്ങൾ നിർമ്മിക്കുവാനും ദൈവം വഴികളൊരുക്കി. ദൈവം വിശ്വസ്തൻ. ഇപ്പോൾ അമേരിക്കയിൽ പാർത്തുകൊണ്ട് കർത്തൃവേല ചെയ്യുകയും അവസരം ലഭിക്കുമ്പോഴൊക്കെയും ഇതര രാജ്യങ്ങളിൽ കടന്നുപോയി ശുശ്രൂഷിക്കുകയും ചെയ്യുന്നു.

**പ്രസംഗം, പഠിപ്പിക്കൽ എന്നിവയ്ക്കൊപ്പം എഴുത്തിനെയും ഒരു നിയോഗമായി കൂടെ കൂട്ടുന്നു, അതിനെക്കുറിച്ച്?**

എഴുത്ത് ഒരു ദൈവിക നിയോഗമാണ്. കേൾക്കുന്നത് കുറെ കാലത്തേയ്ക്കും ഒരു തലമുറയിലും ഒതുങ്ങി നിൽക്കുമ്പോൾ കുറിച്ചു വയ്ക്കുന്നത് വരും കാലങ്ങളിലേക്കും തലമുറകളിലേക്കും പകരുവാൻ കഴിയുന്നതാണ് എഴുത്തു ശുശ്രൂഷയുടെ ഗുണം. പൗലോസിന്റെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടവർ ആ കാലയളവിൽ മാത്രമാണുണ്ടായിരുന്നത്. എന്നാൽ പൗലോസ് എഴുതിയ ലേഖനങ്ങൾ വായിച്ചും അതു കേട്ടും രക്ഷിക്കപ്പെട്ടവർ കഴിഞ്ഞ 21 നൂറ്റാണ്ടുകളായുണ്ട്. പറയാൻ വേദി വേണം. കേൾക്കുവാൻ ആളും വേണം. എന്നാൽ എഴുതുവാൻ ഇതൊന്നും വേണ്ട. കടലാസും പേനയും മതി. എവിടെയിരുന്നും എപ്പോൾ വേണമെങ്കിലും എഴുതാം. പൗലോസ് കാരാഗൃഹത്തിൽ കിടന്നാണല്ലോ പല ലേഖനങ്ങളും എഴുതിയത്. പറയുമ്പോൾ വാക്കോ വാചകമോ തെറ്റിയാൽ പിന്നെ തിരുത്താൻ പറ്റില്ല. എന്നാൽ എഴുത്തിൽ തെറ്റപറ്റിയാൽ അതു തിരുത്തി ശരിയാക്കി എഴുതാം. എത്ര പ്രാവശ്യം വേണമെങ്കിലും തിരുത്താം. അതിനുശേഷമേ പുറം ലോകം അതു കാണുകയുള്ളൂ. അതെ, എഴുത്ത് ഒരു ദൈവിക നിയോഗമാണ്. അത് എനിക്കൊരു ഉൾപ്രേരണ ലഭിക്കുമ്പോൾ ചെയ്യാറുമുണ്ട്.

**സുവിശേഷം ഇന്നു നേരിടുന്ന വെല്ലുവിളിയെക്കുറിച്ച്?**

സുവിശേഷീകരണത്തിനു എന്നും എവിടെയും വെല്ലുവിളികളുണ്ട്. അകത്തുനിന്നും പുറത്തുനിന്നുമുള്ള വെല്ലുവിളികൾ ആത്മീയ നിഷ്ക്രിയത്വം അഥവാ ശുഷ്കാന്തിയില്ലായ്മയാണ്. നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ച് ഒരു മനോഭാവം ഉണ്ടെങ്കിൽ മാത്രമേ സുവിശേഷം അറിയിക്കുന്നതിൽ ഉത്സാഹം ഉണ്ടാകുകയുള്ളൂ. സുവിശേഷഘോഷണം പാസ്റ്റർമാരുടെ ജോലിയാണ്, ഞങ്ങളുടെ ജോലിയല്ല എന്നുള്ള ചിന്തയാണ് മറ്റൊരു വെല്ലുവിളി. സുവിശേഷം അറിയിക്കുന്നത് എല്ലാ ദൈവമക്കളുടെയും കടമയാണ്. ഭൗതീക ചിന്തയാണ് മറ്റൊരു തടസ്സം. എന്റെ ജോലി, എന്റെ കുടുംബം, എന്റെ സമ്പത്ത് അങ്ങനെയുള്ള ഭൗതീക ചിന്തകൾ സുവിശേഷം അറിയിക്കുന്നതിൽ നിന്നും മാറ്റി നിർത്തുന്നു. ദുരുപദേശക്കാരും സമൃദ്ധി സുവിശേഷപ്രചാരകരും എന്നും സത്യസുവിശേഷത്തിനൊരു വെല്ലുവിളിതന്നെയാണ്. പുറത്തുനിന്നുള്ള വെല്ലുവിളികൾ ലോകത്തിൽ പല രാജ്യങ്ങളിലും വിശേഷാൽ ഭാരതത്തിലും ഇന്ന് വളരെ ശക്തമാണ്. മതഭ്രാന്തും മതപീഢനവുമാണ് അതിൽ ശക്തമായത്. എല്ലാറ്റിനും ഉപരി പൈശാചിക സ്വാധീനമാണ് മറ്റൊന്ന്. ഇവയെല്ലാം ഭാരതത്തിൽ വളരെ ശക്തമാണ്. അതിൽ അതിശയിക്കേണ്ടതില്ല. സാത്താന്റെ സമയം തീരാറായതുകൊണ്ട് അവൻ ശക്തിയോടെ പോരാടുകയാണ്. സുവിശേഷത്തിനു മാത്രമേ മനുഷ്യനു രൂപാന്തരം വരുത്തുവാൻ കഴിയുകയുള്ളൂ. സുവിശേഷീകരണം ഒരു ദൗത്യമായി കരുതി എല്ലാ ദൈവ ജനവും ഉണർന്നു പ്രാർത്ഥിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമാണ്.

**സുവിശേഷവേലയെക്കുറിച്ചുള്ള ദർശനം, കുടുംബത്തിന്റെ പിന്തുണ?**

ദൈവം ഞങ്ങളെ കുടുംബമായി ദൈവീകവേലയ്ക്കായി വിളിച്ചു എന്ന ഉത്തമ ബോധ്യം ഞങ്ങൾക്കുണ്ട്. സുവിശേഷം എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുക, അങ്ങനെയുള്ള സ്ഥലങ്ങളിൽ ശുശ്രൂഷിക്കുന്നവരെ സഹായിക്കുക എന്നതാണ് ലക്ഷ്യം. സ്ഥാനമാന പദവികൾക്കൊന്നും പോകാതെ ദൈവം ദാനമായി തന്ന ശരീരം, മനസ്സ്, സമ്പത്ത്, കുടുംബം ഇവകൊണ്ടെല്ലാം ദൈവത്തെ മാനിക്കുക, ദൈവവേലയെ സഹായിക്കുക, ദൈവഭൃത്യരെ കൈത്താങ്ങുക ഇവയാണ് താൽപര്യം. എന്റെ ഭാര്യ ആനിയമ്മ ശുശ്രൂഷയിൽ തികഞ്ഞ പിന്തുണയും സഹായവും പ്രോത്സാഹനവുമാണ്. ഞാൻ എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ ദൈവം കഴിഞ്ഞാൽ പിന്നെ എന്റെ ഭാര്യയുടെ കൈത്താങ്ങലും പ്രാർത്ഥനയുമാണ്. ഞങ്ങൾക്കു ദൈവം തന്ന മക്കൾ നോബിയും നിസ്സിയും ദൈവീക ദാനമായി ലഭിച്ച ഷീജയും റ്റിജുവും അവർ നാലുപേരും ഞങ്ങളുടെ ശുശ്രൂഷയിൽ വിവിധ നിലകളിൽ പങ്കാളികളാണ്. തുടർന്ന് അതിലധികമായി അവർ ദൈവവേല ചെയ്യട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**ഇപ്പോൾ വഹിക്കുന്ന ചുമതലകൾ?**

ഇൻഡ്യാ റിവൈവൽ അസംബ്ലിയുടെ പ്രസിഡന്റ്, ഇന്റർനാഷനൽ ഗ്രേസ് മിനിസ്ട്രീസ് മനേജിംഗ് ഡയറക്ടർ, ക്രിസ്ത്യൻ ഫോക്കസ് മാസികയുടെ മാനേജിംഗ് എഡിറ്റർ, ഫ്ളോറിഡയിലെ റോക്ലെഡ്ജ് ക്രിസ്ത്യൻ അസംബ്ലിയുടെ പാസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

**ഈ അനുഭവക്കുറിപ്പ് വായിക്കുന്നവരോടുള്ള സന്ദേശം?**

വിശ്വസ്തതയോടെ കർത്താവിനെ സേവിച്ചാൽ ദൈവം കൈവിടുകയില്ല. തലമുറകളെയും ദൈവം മാനിക്കും. ആത്മീയ ജീവിതത്തിൽ നിലനിൽക്കുന്ന എല്ലാ വ്യക്തികൾക്കും കുടുംബങ്ങൾക്കും കണ്ണുനീരോടെ പ്രാർത്ഥിപ്പാൻ ദൈവം എന്തെങ്കിലും ഒരു വഴി വെച്ചിട്ടുണ്ടാകും. ആ കണ്ണുനീരോടുള്ള പ്രാർത്ഥനയാണ് ആത്മീയ ജീവിതത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനം. ആത്മീയ ജീവിതത്തിൽ ദൈവം എന്നെ പഠിപ്പിച്ച പാഠമതാണ്. സങ്കീ: 69:6-അതാണ് ദൈവജനത്തിന്റെയെല്ലാം ആഗ്രഹവും പ്രാർത്ഥനയും സമർപ്പണവുമെങ്കിൽ വലിയ വ്യതിയാനം സഭയ്ക്കും നമ്മുടെ സമൂഹത്തിനുമുണ്ടാകും. ■

2017 DECEMBER
VOL. 2, ISSUE-12
Posted at RMS CHANGANACHERY

CHRISTIAN FOCUS MONTHLY
Karukachal P.O., Kottayam Dist., Kerala-686 540
Phone: 0481 2488449, 09562247565, 08606695830
Annual subscription ₹ 120/- only

P.B. NO: 10
KARUKACHAL P.O.
KOTTAYAM, KERALA
PIN : 686 540
E-mail: christianfocusira@gmail.com

# യുവാക്കൾ ഫോണിൽ കളിച്ച് സമയം പാഴാക്കരുത്: മാർപാപ്പ



**ധാക്ക (ബംഗ്ലദേശ്):** മുഴുവൻ സമയവും ഫോണിൽ കളിച്ചു സമയം കളയരുതെന്നും ചുറ്റുമുള്ള ലോകത്തെ അവഗണിക്കരുതെന്നും യുവാക്കളോടു ഫ്രാൻസിസ് മാർ പാപ്പയുടെ ഉപദേശം. ഡിസംബർ മാസം ആദ്യം നടത്തിയ ബംഗ്ലദേശ് സന്ദർശന വേളയിൽ നോത്രദാം സർവകലാശാലയിൽ വിവിധ മതസ്ഥരായ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു മാർ പാപ്പ. വഴിപിഴയ്ക്കാതെ യുവാക്കൾ ലോകത്തിന്റെ ശക്തിയായി മാറണം–വഴി കാട്ടുന്നവരാകണം. നിങ്ങൾ എപ്പോഴും മുന്നോട്ടു കുതിക്കാനൊരുങ്ങുന്നു.



ഏതു സാഹചര്യത്തിലും അതേ ഊർജ്ജം നിലനിർത്തണം. നിങ്ങളുടെ ആവേശം സാഹസികതയോടു ചേർന്നതാണ്. മതങ്ങളും ജനതയും സമൂഹവും ചെറുലോകങ്ങളായി ചുരുങ്ങരുത്, അങ്ങനെയായാൽ ഞാൻ മാത്രമാണു ശരിയെന്നും നിങ്ങൾ തെറ്റാണെന്നും തോന്നിത്തുടങ്ങും–യുവാക്കളുടെ സമ്മേളനത്തിൽ ഫ്രാൻസിസ് മാർ പാപ്പ പറഞ്ഞു.

# സ്വവർഗ വിവാഹത്തിനു നിയമസാധുത നൽകി ഓസ്ട്രേലിയ

**സിഡ്നി:** സ്വവർഗ വിവാഹത്തിനു അനുമതി നൽകുന്ന നിയമം ഓസ്ട്രേലിയൻ പാർലമെന്റ് പാസാക്കി. 150 അംഗ സഭയിൽ നാലു പേർ മാത്രമാണു ബില്ലിനെ എതിർത്ത് വോട്ടു ചെയ്തത്. പന്ത്രണ്ടിനെതിരെ 43 വോട്ടിനു ഉപരിസഭയായ സെനറ്റ് നേരത്തേ ബിൽ പാസാക്കിയിരുന്നു. ഇരുപതിലേറെ രാജ്യങ്ങൾ സ്വവർഗ വിവാഹത്തിനു നിയമ പ്രാബല്യം നൽകിയിട്ടുണ്ട്.

# ശാരോൻ റൈറ്റേഴ്സ് ഫോറം

**തിരുവല്ല:** ശാരോൻ ഫെലോഷിപ് സഭയിലെ എഴുത്തുകാരുടെ കൂട്ടായ്മ എന്ന ലക്ഷ്യവുമായി ശാരോൻ റൈറ്റേഴ്സ് ഫോറം നിലവിൽ വന്നു. എഴുത്തുകാരെ ആദരിക്കുക, നവാഗത എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക, സഭാംഗങ്ങൾക്കിടയിൽ വായനാശീലം വളർത്തുക, വേദപുസ്തക ഉപദേശത്തിനുവേണ്ടി തിരുത്തൽ ശക്തിയായി നിലകൊള്ളുക, സാമൂഹ്യ-ധാർമ്മിക വിഷയങ്ങളിൽ ദൈവത്തിന്റെ തൂലികയായി പ്രവർത്തിക്കുക എന്നിവയാണ് പ്രഖ്യാപിത ലക്ഷ്യങ്ങൾ. നവംബർ 14–നു തിരുവല്ല ശാരോനിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ശാരോൻ റൈറ്റേഴ്സ് ഫോറത്തിന്റെ പ്രഥമ ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാൻ–പാസ്റ്റർ സാം റ്റി. മുഖത്തല, ജനറൽ സെക്രട്ടറി–പാസ്റ്റർ അനീഷ് കൊല്ലങ്കോട്, ലിറ്ററേച്ചർ സെക്രട്ടറി–പാസ്റ്റർ ഏബ്രഹാം മന്ദമരുതി, മീഡിയ സെക്രട്ടറി–പാസ്റ്റർ റോബിൻസൺ, ട്രഷറർ–പാസ്റ്റർ ഫിലിപ് ഏബ്രഹാം, ജനറൽ കോ-ഓർഡിനേറ്റർ–പാസ്റ്റർ പ്രസാദ് ഏബ്രഹാം എന്നിവരെ തിരഞ്ഞെടുത്തു.




# തിമഥി ഇൻസ്റ്റിറ്റ്യൂട്ട് തീം പ്രകാശനം

**തിരുവല്ല:** തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വി.ബി.എസ് ചിൽഡ്രൻസ് ഫെസ്റ്റ് പുതിയ തീം 'ദ് ഗ്രേയ്റ്റ് അയാം' പ്രകാശനം ചെയ്തു.ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി. തോമസ്, പാസ്റ്റർ ജെ. ജോസഫിനു ലോഗോ നൽകിയാണ് പ്രകാശനം നിർവഹിച്ചത്. സഭാ ആസ്ഥാനമായ മുളക്കുഴയിൽ നവംബർ 28–നു നടന്ന പ്രത്യേക സമ്മേളനത്തിലാണ് ചിന്താവിഷയം പ്രകാശനം ചെയ്തത്. ബാല സുവിശേഷീകരണത്തിൽ 17 വർഷങ്ങൾ പൂർത്തിയാക്കുന്ന തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ 11–ാമത് സിലബസ്സാണിത്. കേരളത്തിൽ 6 മേഖലകളിലായി ദ്വിദിന ട്രെയിനിംഗുകളും എല്ലാ ജില്ലകളിലും ഏകദിന ട്രെയിനിംഗുകളും 2018 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടക്കും. ഒരേ സമയം 4 ഭാഷകളിൽ സിലബസ് പുറത്തിറങ്ങും.




# ആയിരം ഗായകർ ഒരുവേദിയിൽ

**തിരുവല്ല:** 'ഒന്നായി പാടാം യേശുവിനായ്'–സംഗീത മഹാസംഗമം ഏപ്രിൽ 1–നു തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടക്കും. ആയിരം സംഗീതജ്ഞർ ഒരു വേദിയിൽ അണിനിരക്കുന്ന സംഗീത വിരുന്ന് വൈകിട്ട് 5–ന് ആരംഭിക്കും. അഞ്ചു ഗാനങ്ങൾ വീതമുള്ള മൂന്നു പരമ്പരകൾക്കിടെ പ്രമുഖ സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്യ, ഗായകൻ ബ്ലസൻ മേമന തുടങ്ങിയവരുടെ സാന്നിദ്ധ്യവും സംഗീതസദ്യയ്ക്കു മാറ്റു കൂട്ടും. പവർ വിഷൻ ചാനൽ ചെയർമാൻ റവ.കെ.സി. ജോൺ ലഘുസന്ദേശം നൽകും. മഹാകവി കെ.വി സൈമൺ, മധുര ഗായകൻ എം.ഇ. ചെറിയാൻ, ടി.കെ സാമുവേൽ, സാധു കൊച്ചുകുഞ്ഞുപദേശി, അന്നമ്മ മാമ്മൻ, സി.എസ് മാത്യു, ഇ.വി വർഗീസ്, പി.വി ചുമ്മാർ, വി. നാഗൽ, ജെ.വി പീറ്റർ, എന്നിവരുടെ ഗാനങ്ങൾ ആലപിക്കപ്പെടും. റവ.കെ.സി ജോൺ (രക്ഷാധികാരി), എൻ.എം രാജു (ചെയർമാൻ), റ്റി.എം മാത്യു (ജനറൽ കൺവീനർ), ഭക്തവത്സലൻ (മ്യൂസിക് ജനറൽ കൺവീനർ), ജോജി ഐപ്പ് മാത്യൂസ് (സെക്രട്ടറി), സാം റ്റി. മുഖത്തല, ബിന്നി മാത്യു (മ്യൂസിക് കൺവീനേഴ്സ്), ബിനു വടശ്ശേരിക്കര (പ്രോഗ്രാം കൺവീനർ), എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങി. വിപുലമായ ക്രമീകരണങ്ങൾക്കായി ജനുവരി ആദ്യം ജനറൽ കമ്മിറ്റി രൂപീകരണം നടക്കുമെന്നു ഭാരവാഹികൾ അറിയിച്ചു.

**ശബ്ദ പരിശോധന:** സംഗീത സംഗമത്തിലേക്കു ഗായകരെ തിരഞ്ഞെടുക്കുന്നതിനുള്ള ശബ്ദ പരിശോധന കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി ജനുവരി 30–നു മുമ്പു നടക്കും. സംഗീതത്തിൽ താൽപര്യമുള്ള യുവതീ യുവാക്കളും വിദ്യാർത്ഥികളും സഭാ പാസ്റ്ററുടെയും രക്ഷിതാക്കളുടെയും ശുപാർശയോടെ പൂരിപ്പിച്ച ഫോമുകൾ ഡിസംബർ 30–നു മുമ്പു തിരികെ നൽകണം. ഫോമുകൾ ആവശ്യമുള്ളവർ Onnai paadam yeshuvinayi എന്ന ഫേസ്ബുക്ക് പേജിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. ഫോൺ: 07829344049.

# സുവിശേഷ യോഗം

ആലുവ: ഇവാഞ്ചലിക്കൽ പ്രെയർ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ കീഴ്മാട് ബ്ലൈൻഡ് സ്കൂളിൽ ഡിസംബർ 29 മുതൽ 31 വരെ കൺവൻഷൻ നടക്കും. പാസ്റ്റർ ആൽബർട്ട് വില്യംസ് നേതൃത്വം നൽകും.

*Printed and published by Sabu M. Joseph on behalf of India Revival Assembly Trust. Printed at Mangalam Publications (India) Pvt.Ltd., S.H. Mount P.O., Kottayam-686006, Kerala Published from IRA Head Office, Karukachal P.O., Kottayam Dist., Kerala-686 540. Editor: Varghese P. Joseph. Layout & Design: Press Graphix, Sulthan Bathery @ 9744686596*